Ka।paka Library Series 4

ഘോഷയാത്ര

(ആട്ടക്കഥ)

ഗ്രന്ഥകർത്താവ്:

കേശവൻ ശങ്കരനാരായണൻ

മണലിക്കരമഠം.

കൽപകാ ലൈബ്രറി പ്രസിദ്ധീകരണം

1966 Re. 1

43553
KOTTAYAM

Kalpaka Library Series 4.

ഘോഷയാത്ര

(ആട്ടക്കഥ)

ഗ്രന്ഥകർത്താവ്:

കേശവൻ ശങ്കരനാരായണൻ
മണലിക്കരമഠം.

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

കൽപകാ ലൈബ്രറി പ്രസിദ്ധീകരണം

1966 Re. 1

Malayalam-1

GHŌSHAYĀTRA

(Kathakali-dance-drama) MA5

Author:
KESAVARU SANKARANARAYANARU

First Published 1966

Printed at:
St. Joseph's Press, Trivandrum.

Publishers: Kalpaka Library, Tvm.

Price Re. 1

S. 4. A. 1. Ed: 1st.

ശ്രീഗണേശായനമഃ

പ്രാതഃ സ്മരാമി പിതരഃ! ശ്രുതി ധർമ്മദീക്ഷ-
ചേതസ്സമാകലിതകാവ്യകലാനുയോഗം
ഭൂയസ്തരാം ഭവദുപാഹിത ശശ്വദന്ത-
ന്നാദം സദാ സകല സംസൃതിമുക്തിഹേതോഃ ॥1॥

യജ്ജൃംഭിതം മനസി യച്ച വിലോകിതം ച
യദ്യച്ഛ്റുതം വിധിനിഷേധ വിവേകപൂർവമ്
തത്തത്സമേത്യ പുടപാകമനന്തരേണ
വ്യക്തം ഭവത്കൃതിഷു പൂർവ്വിക! കാവ്യസാരമ് ॥2॥

തന്മാദൃശേനകഥ മന്യദുപായനീയം
സമ്മാനിതാഖില പിതൃപ്രണയാകുലേന
യദ്വാസ്തു സഞ്ചിതമിദം ഭവതാതദേവ
സപ്രശ്രയം ചരണയോരഹമർപ്പയാമി ॥3॥

വാസുദേവഃ
(കെ. വി. മണലിക്കര)

KOTTAYAM
KOTTAYAM.

ആമുഖം

കഥകളിയെപ്പററി

മലയാളത്തിന്റെ ദൃശ്യകലാ പ്രസ്ഥാനത്തിൽ സ്വന്തമായ ഒരു സ്ഥാനമാണല്ലോ കഥകളിക്ക്. കേരളത്തിന്റേതായ ഒരു കലാ സംഭാവനയായി ലോകം അതംഗീകരിച്ചിട്ടുമുണ്ട്. കഥകളി അഥവാ ആട്ടക്കഥയെന്നു കേട്ടാൽ "ഊമക്കളി"യെന്നപഹസിച്ചിരുന്ന പരിതഃസ്ഥിതിയിൽനിന്ന് ഒരു സമുന്നത പദവിയിലേക്കുയരുവാൻ അടുത്തകാലത്താണതിനു കഴിഞ്ഞത്. പക്ഷേ, ദീർഘമായ ഒരു പൂർവ്വചരിത്രം അതിനുണ്ടെന്നും മുൻപ് മാന്യമായ പദവിയുണ്ടായിരുന്നുവെന്നും നാം സമ്മതിക്കേണ്ടിയിരിക്കുന്നു. നമ്മുടെ സാഹിത്യത്തിന്റെ ഉത്ഥാനദശയിൽ ശ്ലാഘ്യമായ സ്ഥാനത്തുതന്നെ ആട്ടക്കഥകൾ നിലകൊണ്ടിരുന്നു. "നാടകാന്തം കവിത്വം" എന്ന് ആലങ്കാരികന്മാർ പറഞ്ഞിരുന്നതുപോലെ ആട്ടക്കഥാനിർമ്മാണംകൊണ്ടു മാത്രമേ കവിത്വവും പാണ്ഡിത്യവും അംഗീകരിക്കപ്പെട്ടുമായിരുന്നുള്ളു ഒരു കാലത്ത്. കഥകളിയുടെ വികാസഘട്ടങ്ങളെക്കുറിച്ചൊന്നും വിശദമായി ഇവിടെ ചർച്ചചെയ്യാനൊരുങ്ങുന്നില്ല ചിലതെല്ലാം സാമാന്യമായി ഉപന്യസിക്കാം.

ആട്ടമെന്നാൽ നൃത്തമെന്നാണർത്ഥം. കഥ കളിച്ചുകാണിക്കുമ്പോൾ കഥകളിയായി. അതിനുവേണ്ടി രചിക്കപ്പെടുന്ന സാഹിത്യത്തിന് ആട്ടക്കഥയെന്നു തന്നെ പേരു്. ഇതിൽ കഥാഭാഗം കളിയുടെ ഉപാധി മാത്രമേ ആകുന്നുള്ളു. താളലയാന്വിതമായി ഭാവാവിഷ്കരണം നടത്തുകയാണു് നൃത്തത്തിന്റെ സ്വഭാവം. കഥയുടെ പോക്കനുസരിച്ച് താളമേളക്കൊഴുപ്പോടെ രസഭാവങ്ങളെ ഹസ്തമുഖാദ്യവയവങ്ങളുടെ സഹായത്താൽ പ്രതിബിംബിപ്പിക്കുകയാണു് കഥകളിയിലെ നൃത്തസംവിധാനം. ചിലർ പദാർത്ഥാ

ഭിനയാത്മകവും ഭാവാശ്രയവുമായ നൃത്തത്തിന് നൃത്യമെന്ന പേരിട്ടു വ്യവഹരിക്കാറുണ്ട്. കേവലം താളലയാത്മകമായ അംഗവിക്ഷേപത്തിന് നൃത്തമെന്നു പറയുന്നു അവർ. കഥകളിയെ നൃത്യവിശേഷത്തിൽത്തന്നെ ഉൾപ്പെടുത്താമെന്നുള്ളതിന് സംശയമില്ല. അപ്പോൾ ആട്ടത്തിന് നൃത്തമെന്നല്ല, നൃത്യമെന്നു തന്നെ അർത്ഥം പറയേണ്ടി വരും.

സാമൂതിരിപ്പാടും കൊട്ടാരക്കരത്തമ്പുരാനുമായുണ്ടായ മത്സരമാണ് കഥകളിക്കു കാരണമായതെന്നു കേട്ടുകേഴ്വിയുണ്ട്. അതു് എത്രമാത്രം സത്യമെന്നു നിർണ്ണയിച്ചുകൂടാ. കൃഷ്ണനാട്ടമെന്ന അഭിനയപ്രസ്ഥാനം രൂപപ്പെട്ടതിനു ശേഷമാണ് രാമനാട്ടത്തിന്റെ പുറപ്പാടെന്ന് പരക്കെ വിശ്വസിച്ചുപോരുന്നു. കൊല്ലം 9-ാം ശതകത്തിലാണ് രാമനാട്ടത്തിന്റെ ആവിർഭാവമെന്നത്രേ നവീനഗവേഷകന്മാരുടെ അഭിപ്രായം. ചിലർ അതു് ഏഴാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിലേക്ക് നീക്കിവച്ചിരിക്കുകയാണ്. ഏതായാലും കൊട്ടാരക്കരത്തമ്പുരാനാണ് കഥകളിയുടെ ഉപജ്ഞാതാവെന്നുള്ളതിന് രണ്ടുപക്ഷം കാണുന്നില്ല.

ചില പരിഷ്കാരങ്ങൾ

രാമനാട്ടത്തിന്റെ പുറപ്പാട്, അതിനു മുൻപുണ്ടായിരുന്ന കൂത്തു്, കൂടിയാട്ടം, അഷ്ടപദി, കൃഷ്ണനാട്ടം മുതലായവയുടെ സമ്മിളിത രൂപത്തിലാണെന്നു ചൂണ്ടിക്കാണിക്കട്ടെ! കൊട്ടാരക്കരത്തമ്പുരാൻ ചില പരിഷ്കാരങ്ങൾ വരുത്തിയെങ്കിലും വേഷവിധാനം അഭിനയ സമ്പ്രദായം മുതലായവ തുലോം പ്രാകൃതമായിരുന്നു. വേഷക്കാർതന്നെ ആടുകയും പാടുകയുമായിരുന്നു പതിവ്. പാളക്കീററിൽ വരച്ച ചിത്രങ്ങളായിരുന്നു വേഷങ്ങൾ. ഇവയ്ക്കു് പരിഷ്കൃതരൂപം കൊടുത്തതും ചുട്ടിയും ചിട്ടയുമേപ്പെടുത്തിയതും വെട്ടത്തു തമ്പുരാൻ, കല്ലടിക്കോട്ടു നമ്പൂതിരി, കപ്ലിങ്ങാട്ടു നമ്പൂതിരി എന്നിവരാണ്. തമ്പുരാൻ ഏർപ്പെടുത്തിയ ചിട്ടകൾക്കാണ്

വെട്ടത്തു സമ്പ്രദായമെന്നു പറയുന്നതു്. വേഷവിധാനത്തിലും മുദ്രയിലും ചില മാററങ്ങളും വ്യവസ്ഥകളും വരുത്തിയതു് മേൽ പറഞ്ഞ നമ്പൂതിരിമാരാണു്. ഇതൊക്കെ കൊ. വ. 9–ാം ശതകത്തിൽത്തന്നെ നടന്നു കഴിഞ്ഞിരുന്നു. ഈ രീതി ഏറെക്കുറെ ഇന്നും തുടൎന്നുവരുന്നുണ്ടു്. അടുത്തകാലത്തു് കേരളകലാമണ്ഡലം ഇതിൽ വരുത്തിയിട്ടുള്ള ചില്ലറ പരിഷ്കാരങ്ങൾ മാത്രമേ പുതിയതായി ചൂണ്ടിക്കാണിക്കുവാനുള്ളു. കഥകളി അഭിനയത്തിൻെറ സാങ്കേതിക വശങ്ങൾ ഈ ലേഖനത്തിൻെറ പരിധിയിൽ പെടുന്നതല്ലാത്തതുകൊണ്ടു് ആ ഭാഗം ഉപേക്ഷിക്കുകയാണു്.

സാഹിത്യരചന

ആട്ടക്കഥകൾ, ശ്ലോകം, പദം ഇവ ഇടകലൎന്നുള്ള രചനാസമ്പ്രദായമാണുൾക്കൊള്ളുന്നതു്. കഥാഭാഗം സംഗ്രഹിച്ചു് രംഗപ്രവേശത്തിനൊരുങ്ങുന്ന നടനെ അവതരിപ്പിച്ചുകൊണ്ടാണു് ശ്ലോകങ്ങൾ നിബന്ധിക്കാറുള്ളതു്. ചിലപ്പോൾ ഒന്നിലധികം ശ്ലോകങ്ങൾ ഒരിടത്തു തന്നെ വേണ്ടി വന്നേക്കും. ചില സന്ദൎഭങ്ങളിൽ അഭിനയോചിതമായിട്ടോ അല്ലാതെയോ ദണ്ഡകങ്ങളും വൃത്തഭേദങ്ങളും പ്രയോഗിക്കാറുണ്ടു്. നടീനടന്മാരുടെ സംഭാഷണങ്ങളാണു് പദങ്ങൾ അഥവാ പാട്ടുകൾ. വിവിധ രാഗങ്ങളും താളങ്ങളും പാട്ടുകളെ വേൎതിരിച്ചുനിൎത്തുന്നു. ഇടശ്ലോകങ്ങൾ ദീൎഘാന്തരങ്ങളായ കഥാഭാഗങ്ങളെ സമന്വയിപ്പിക്കുവാനുള്ള കണ്ണികളാണു്.

ഭാഷ

മിക്ക കഥകളിലും ശ്ലോകങ്ങൾ തനി സംസ്കൃതമായിരിക്കും, പദങ്ങൾ മണിപ്രവാളങ്ങളും. ചുരുക്കം സന്ദൎഭങ്ങളിൽ മണിപ്രവാളശ്ലോകങ്ങളും കാണാൻ കഴിയും. അത്ര അനുകരണീയമായ മാതൃകയല്ല കഥകളിഭാഷയുടേതു്. ദൂരാന്വയം, വക്രത, ആഢം

ബര പ്രിയത്വം തുടങ്ങിയ ആസ്വാദ്യമല്ലാത്ത പലതും ആട്ടക്കഥകളിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. നല്ല മലയാളത്തിൽത്തന്നെ പദ്യങ്ങളും പാട്ടുകളും ചമച്ചിട്ടുള്ള കഥകളും വിരളമല്ലാ പണ്ഡിതോചിതമായ ശൈലീവിശേഷമാണ് ആട്ടക്കഥകളെ മൊത്തത്തിൽ വേർതിരിച്ചു നിർത്തിയിരിക്കുന്നതു്.

ഗാനാത്മകത്വം

ഇതു് കഥകളി സാഹിത്യത്തിൻെറ പ്രത്യേകതയാണല്ലോ. ശബ്ദാർത്ഥങ്ങളുടെ സമീചീനമായ രഞ്ജനമാണ് ഗാനകാവ്യങ്ങളെ സൃഷ്ടിക്കുന്നതു്. വക്രതയും വികലതയുമെല്ലാം ഇതിൽ മങ്ങിക്കൊള്ളും. സംഗീത ശാസ്ത്രത്തിൻെറ ഏടുകൾ എണ്ണിയെണ്ണി നിരത്തുകയല്ല ഇവിടെ. കഥാപാത്രങ്ങൾ ആവിഷ്കരിക്കുന്ന രസത്തിനനുഗുണമായി രാഗതാളങ്ങൾ ക്രമപ്പെടുത്തിക്കൊള്ളുക. കഥകളിഗാനങ്ങൾ ഒരു തരം പ്രത്യേക ചിട്ടയിൽ പാടണമെന്നുള്ളതു് നിർബന്ധമാണ് ചെണ്ടയും മദ്ദളവും പോരായ്മ പരിഹരിച്ചുകൊള്ളും. ചില ഗാനങ്ങൾ ശാസ്ത്രീയ നിലവാരത്തിലും മുന്നിട്ടു നിൽക്കുമെന്നു് ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

കുറെ നല്ല കഥകൾ

കോട്ടയത്തു തമ്പുരാൻെറ ബകവധം, കല്യാണസൗഗന്ധികം, കിമ്മീരവധം, നിവാതകവചകാലകേയവധം ഇവയാണ് രാമനാട്ടത്തിനു ശേഷമുണ്ടായ പഴയ കഥകൾ. ഇവ ഇന്നും ആട്ടക്കഥകളുടെ മുൻപന്തിയിൽ നിൽക്കുന്നു. അടുത്തു കാണുന്നതു് ഉണ്ണായിവാരിയരുടെ നളചരിതം നാലുദിവസത്തെ കഥകളാണ്. ഗാനസുഭഗതയും സാഹിത്യമൂല്യവുമേറിയ ഈടുററ കലാകൃതിയെന്നേ നളചരിതത്തെ സംബന്ധിച്ചു പറയേണ്ടതുള്ളൂ. പാത്രസൃഷ്ടിയിൽ മററെല്ലാ കഥകളി കർത്താക്കളേയും അധഃകരിച്ചു കളഞ്ഞു ഉണ്ണായിവാരിയർ. ഏററവും നല്ല സാഹിത്യകൃതിയായി നള

ചരിതം പരിഗണിക്കപ്പെട്ടിട്ടുണ്ട്. പിന്നീട് ഈ രംഗത്തു് പ്രകാശിക്കുന്ന താരങ്ങൾ, കാർത്തികതിരുനാൾ, അശ്വതിതിരുനാൾ എന്നീ തിരുവിതാംകൂർ രാജാക്കന്മാരാണ്. കാർത്തികതിരുനാളിന്റെ രാജസൂയവും അശ്വതിയുടെ അംബരീഷ ചരിതവും ആടി പ്ഫലിപ്പിക്കുവാൻ എളുപ്പമുള്ള നല്ല കൃതികളാണ്. പ്രാതഃസ്മരണീയനായ മറെറാരു മഹാകവിയാണ് ഇരയിമ്മൻതമ്പി. കവിതാഗുണത്തിലും പ്രയോഗ പാടവത്തിലും ഉണ്ണായിവാരിയക്കു ശേഷം സ്ഥാനം കല്പിക്കേണ്ടതു് തമ്പിക്കു തന്നെയാണ്. കീചകവധം, ദക്ഷയാഗം, ഉത്തരാസ്വയംവരം ഇവയാണ് തമ്പിയുടെ കൃതികൾ. സംഗീതവും സാഹിത്യവും ഇദ്ദേഹത്തിന്റെ കൃതികളിൽ തരതമഭേദംകൂടാതെ പോഷിച്ചിരിക്കുന്നു. കഥകൾ പൂർണ്ണമായും അഭിനയ യോഗ്യങ്ങളാണ്. ഈ പരമ്പരയിൽ പ്രസിദ്ധങ്ങളായി വേറെയും വളരെ കഥകളുണ്ട്. കിളിമാനൂർ തമ്പുരാന്റെ രാവണവിജയവും, വയസ്കര മൂസ്സിന്റെ ദുര്യോധനവധവും പ്രചുരപ്രചാരമുള്ളവയാണ്. കഥകളി ഗ്രന്ഥങ്ങളെക്കുറിച്ചു് ദിങ്മാത്ര വിമർശമെങ്കിലും നടത്തുവാൻ ഈ സന്ദർഭം മതിയാവുകയില്ലല്ലോ.

ഘോഷയാത്ര

ഇന്നോളം പ്രകാശിതമാകാത്ത ഒരു കൃതിയാണിതു്. ഒട്ടേറെ ആട്ടക്കഥകൾ അവിടവിടെയായി ഇരുളിന്റെ മറവിൽ വിശ്രമിക്കുന്നുണ്ടെന്നു തോന്നുന്നു. ഏതാനും എണ്ണം ഈ ലേഖകൻതന്നെ പരിചയപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. പുരാണകഥകൾ ഇതിവൃത്തമാക്കി ഒരേ പേരിൽത്തന്നെ പലരും എഴുതിയിട്ടിട്ടുണ്ട്. സൂക്ഷ്മപരിശോധനയോടുകൂടിയേ പുതിയ കഥകൾ വെളിയിൽ കൊണ്ടുവരാവൂ എന്ന നില വന്നിട്ടുണ്ട്. ഇന്നും അനാഥാവസ്ഥയിൽ ഗ്രന്ഥപ്പുരകൾ തോറും വിശ്രമിക്കുന്ന കൃതികളിൽ ചിലതെങ്കിലും ഉത്തമ കോടിയിൽ പരിഗണിക്കപ്പെടേണ്ടവയായിരിക്കും. ഘോഷയാത്ര അതിലേക്കു നിദർശനമാകുന്നു.

കവിയും കാലവും

ഇതിന്റെ കർത്താവ് മണലിക്കര മഠത്തിൽ കേശവന് ശങ്കരനാരായണന് തന്നെ എന്നതിൽ തർക്കവിതർക്കങ്ങളില്ല. കൊല്ലവർഷം 1027 – 1085 നിടയ്ക്ക് ജീവിച്ചിരുന്ന ഇദ്ദേഹം സാഹിത്യത്തിലും താന്ത്രികത്തിലും അതികുശലനായിരുന്നു. പ്രസ്തുത കൃതിതന്നെ ഇദ്ദേഹത്തിന്റെ കാവ്യരചനാപാടവത്തിനും ഭാഷാസേവനത്തിനും ഒരുത്തമോദാഹരണമാണ്.

കന്യാകുമാരി ഡിസ്ട്രിക്ടിൽ പത്മനാഭപുരത്തിനടുത്താണ് മണലിക്കരമഠം. കല്പകമംഗലമെന്നും അതിനു പേരുണ്ട്. കലയും കമലയും ഏകകാലത്തനുഗ്രഹിച്ചിരുന്ന പ്രസ്തുത കുടുംബത്തിൽ പണ്ഡിതമൂർദ്ധന്യരായ ഏതാനും കവിവിപ്രരുടെ പരമ്പരതന്നെ ഉണ്ടായിട്ടുണ്ട്. അവർ സമാഹരിച്ചിരുന്ന ഗ്രന്ഥസമ്പത്തും ജ്ഞാനസമ്പത്തും കാലപ്പകർച്ചയിൽ നഷ്ടപ്പെട്ടിട്ടില്ലെന്നുള്ളതു് സന്തോഷാവഹമാണ്. ഇന്നും സർവ്വോത്കർഷേണ വർത്തിക്കുന്ന മണലിക്കര മഠത്തെക്കുറിച്ച് പ്രത്യേകിച്ചൊന്നെങ്കിലും രേഖപ്പെടുത്തുന്നതു് "സ്തുതിഗീത"മായിപ്പോകുമെന്നുള്ളതുകൊണ്ട് തത്കാലം അങ്ങോട്ടു കടക്കുന്നില്ല.

ഉച്ഛൃംഖലമായ മണിപ്രവാള പ്രസ്ഥാനത്തിന്റെ ചരമദശയാണല്ലോ 19-ാം ശതകം. അതിന്റെ അവസാന ഘട്ടത്തിൽ വിരചിതമായ ഒരു കൃതിയിൽ വിശിഷ്യ, കഥകളിയിൽ സംസ്കൃത പക്ഷപാതം സ്വാഭാവികം മാത്രമാണ്. ഘോഷയാത്രയിൽ 24 ശ്ലോകങ്ങളും, വൃത്തഭേദമെന്ന പേരിൽ രണ്ട് ഇടശ്ലോകങ്ങളും തനി സംസ്കൃതത്തിലാണ്. മലയാളത്തിൽ ശ്ലോകം ഒന്നുപോലുമില്ല. ആകെയുള്ള 40 പദങ്ങളിൽ രണ്ടുനാലെണ്ണം ശുദ്ധസംസ്കൃതംതന്നെ. ബാക്കി മാത്രമാണ് ഇതിലെ മലയാളം എന്നു ഗ്രഹിക്കണം. ഇതു് ഒരു ന്യൂനതയാണോ എന്നുള്ളതാണ് പ്രശ്നം. അല്ലേ അല്ല. സംസ്കൃതത്തിന്റെ നെട്ടൊഴുക്കിൽ കൂലംതള്ളിത്തിമർത്തെത്തിയ ഒരാവേശമാണ് ഈ രചനാസമ്പ്രദായത്തിനു ബീജം. കവിയുടെ

യുവസഹജമായ പ്രസരിപ്പും പദപ്രയോഗചാതുര്യവും സംസ്കൃത മലയാളങ്ങളിൽ സ്പഷ്ടമായിക്കാണ്മാനുണ്ടു്. ഇന്നു് കുസന്ധിയെന്നോ വിസന്ധിയെന്നോ പറയാവുന്ന ഒന്നോ രണ്ടോ പ്രയോഗങ്ങളും ഇടയ്ക്കു കണ്ടുവെന്നുവരാം. അവയൊന്നും കാവ്യസൗന്ദര്യത്തിനു് മങ്ങലുണ്ടാക്കുന്നില്ലെന്നു എടുത്തു പറയേണ്ടതുണ്ടു്. മാമൂലുകൾ വിടരുതെന്ന നിർബന്ധം ഗ്രന്ഥകാരനു് ഉണ്ടായിരുന്നതുപോലെ തോന്നുന്നു. ഉദാഹരണങ്ങൾ ധാരാളമാണു്. ഇതിൽ കാണുന്നതുപോലെയുള്ള ശൃംഗാരപ്പദങ്ങൾ ആട്ടക്കഥകളിലെവിടെയും സുലഭമാണു്. കേകിയും, കോകവും, കുമുദവും, ചന്ദ്രനും, രതിവിജൃംഭണവുമെല്ലാം 19-ാംശതകത്തിന്റെ മരണമണി മുഴങ്ങുമ്പോൾപോലും മുറുകെപ്പിടിച്ചുവയ്ക്കുന്ന രീതി മാമൂൽപ്രിയത്വംകൊണ്ടു നിലനിന്നതാണു്. ദുര്യോധനന്റെ പ്രവേശവും ശൃംഗാരത്തോടുകൂടിത്തന്നെ. ഇതു് എന്തിനെന്നു ചോദിച്ചാൽ, ഏതു് കഥകളിക്കവിയും "ആചാര ഇത്യവഹിതേമയാ ഗൃഹീതാ—" എന്നു മാത്രമേ മറുപടി പറയുകയുള്ളൂ. ഇതു ചൂണ്ടിക്കാണിച്ചതു് ഇമ്മാതിരി "ചർവിത ചർവിത"മായ (വീണ്ടും വീണ്ടും അരച്ച) ശൃംഗാരത്തിന്റെയും അങ്ങിങ്ങുകാണുന്ന ചില ആവർത്തനങ്ങളുടെയും തൂക്കം നോക്കിയല്ല ഘോഷയാത്രയിലേയ്ക്കു കടക്കേണ്ടതെന്നു പറയുവാനാണു്.

വീരവും ഹാസ്യവുമാണു് ഇതിലെ മുഖ്യ രസങ്ങൾ. രണ്ടും യഥാർഹം വികസിപ്പിക്കുവാൻ കവിക്കു കഴിഞ്ഞിട്ടുണ്ടു്. "കൈരവബാന്ധവ ശിഖാമണേ!" എന്നിത്യാദി അന്തണരുടെ സ്തുതിഗീതം വ്യംഗ്യമര്യാദകൊണ്ടു് ഒന്നാന്തരമായിട്ടുണ്ടു്. ചിത്രസേനന്റെ പ്രവേശമാകുമ്പോഴേക്കും ഹാസ്യം ഉച്ചകോടിയിലെത്തുന്നു. വീരഹാസ്യങ്ങൾ സമഞ്ജസമായി വിന്യസിക്കുവാൻ കഴിഞ്ഞിട്ടുള്ളതു് സിദ്ധിവിശേഷമെന്നുതന്നെ പറയണം. ചില "പൊടിക്കൈകൾ" വിശേഷമായിട്ടുണ്ടു്. "വ്രജേ"ത്യാജ്ഞാംദദതാ—എന്ന ഭാഗത്തിലെ "വ്രജ" (പൊയ്ക്കോ) യുടെ ശക്തി അസാമാന്യമാണു്. ഇതിൽ സ്ത്രീപാത്രങ്ങൾക്കു് പ്രാധാന്യമില്ല. പാഞ്ചാലിയുടെ ഒരു രംഗം സ്തോഭ

ജനകമാണ്. പുരുഷപാത്രങ്ങൾ എല്ലാം മിഴിവുററവയെന്നു തീർത്തു പറയാം. രസപ്രാധാന്യത്തിനനുസരിച്ചാണല്ലോ പാത്രങ്ങൾ വിന്യസിക്കേണ്ടതും.

ഉപസംഹാരം

ആട്ടക്കഥകളെ പാടാൻ കൊള്ളാവുന്നവ, ആടാൻ കൊള്ളാവുന്നവ, പാടാനും ആടാനും കൊള്ളാവുന്നവ എന്ന് സാമാന്യമായി മൂന്നിനത്തിൽ ചേർക്കാവുന്നതാണ്. ആടാനും പാടാനും കൊള്ളാവുന്ന ഗണത്തിൽത്തന്നെ ഘോഷയാത്രയ്ക്കു സ്ഥാനം കിട്ടുമെന്നു തീർച്ചയാണ്. വർണ്ണബന്ധമാണല്ലോ രണ്ടിനും നിദാനം. അതു് ഇക്കൃതിയിൽ വേണ്ടവണ്ണം ഫലിച്ചിട്ടുണ്ട്. ഈയിടെ കഥയുടെ അപ്രധാനഭാഗങ്ങൾ ഉപേക്ഷിക്കുക പതിവായതുകൊണ്ടു് "ഘോഷയാത്ര"യുടെ പ്രസക്തഭാഗങ്ങളെങ്കിലും ആടിക്കാണ്മാനാളുണ്ടാകുമെന്നാശിക്കാം. ദുഃര്യോധന വധത്തോടാണ് ഈ ആട്ടക്കഥയ്ക്കു് അഭിനയപരമായ അടുപ്പം കാണുന്നതെന്നാണ് എൻെറ വിനീതാഭിപ്രായം. അരങ്ങിലുക്കി ആടുവാനുള്ള വകയും ധാരാളമുണ്ടിതിൽ.

കല്ലകമംഗലം ഗ്രന്ഥപ്പുരയിൽനിന്ന് ഇനിയും ചില കഥകളും തുള്ളലുകളും പുറത്തുവരുവാനുണ്ട്. വിദ്യാവ്യസനിയായ ശ്രീ. കെ. വി. മണലിക്കരയുടെ സാഹസിക്യം അവയെ സൂര്യപ്രകാശം കാണിക്കുമെന്നു വിശ്വസിക്കാം. "കല്ലകഗ്രന്ഥാവലി"യുടെ പുറപ്പാടുതന്നെ അതിനാണല്ലോ. ധാരാളം ഗ്രന്ഥങ്ങൾ കൈരളിയ്ക്കു കാഴ്ചവച്ച ഇതിൻെറ പ്രസാധകൻ സ്വപൂർവ്വികരുടെ ഈടുവയ്പിൽനിന്ന് ചിലതെല്ലാം പുറത്തെടുത്തു പ്രദർശിപ്പിക്കുന്നതു് ആർക്കും സന്തോഷദായകം തന്നെ.

"ഘോഷയാത്ര"യുടെ തിരപ്പുറപ്പാടായി. ഈയുള്ളവൻ "അരങ്ങു്" മുഷിപ്പിക്കാതെ ഒന്നു മാറി നിൽക്കട്ടെ.

തിരുവനന്തപുരം,
25-4-1966.

സുജനവിധേയൻ,
പി. ആർ. നായർ

കഥാസംക്ഷേപം

ചൂതിൽ തോററ പാണ്ഡവന്മാർ ദ്വൈതാടവിയിൽ താമസമാക്കി. വൈരനിര്യാതനത്തിനുള്ള ശക്തി സംഭരിക്കുവാനും തീർത്ഥാടനത്തിനുമാണു് അവർ കൂടുതൽ സമയം ചെലവഴിച്ചതു്. ദുര്യോധനാദികളുടെ കുതന്ത്രങ്ങൾ ഒന്നിനുപിമ്പേ ഒന്നായി പാണ്ഡവരുടെ സ്വൈരജീവിതം പ്രതിബന്ധിച്ചുപോന്നു. ഖാണ്ഡവദാഹം പാശുപത ലബ്ധിക്കായുള്ള തപസ്സു് മുതലായവയാൽ അർജ്ജുനൻ വേണ്ടുവോളം ബലം സംഭരിച്ചു കഴിഞ്ഞിരുന്നു. ഇതിനകം ഒട്ടേറെ ബ്രാഹ്മണർ ധർമ്മജൻെറ സത്കാരമേൽക്കുവാൻ ദ്വൈതാടവിയിലെത്തിയിരുന്നു. പാഞ്ചാലിയുടെ തപഃപ്രഭാവംമൂലം അവർ സുഭിക്ഷമായിത്തന്നെ കഴിഞ്ഞുകൂടി. ശ്രീകൃഷ്ണനും ഇടയ്ക്കിടെ അവരെ സന്ദർശിച്ച് അനുഗ്രഹിച്ചു പോന്നിരുന്നു.

അന്നൊരിക്കൽ ധർമ്മപുത്രൻ മൃഗയാവ്യസനത്തിലേർപ്പെട്ടു. അനുജന്മാരും അദ്ദേഹത്തെ പിന്തുടന്നു. വനത്തിലൊരിടത്തു് അഗസ്ത്യശാപംനിമിത്തം പെരുമ്പാമ്പായിക്കിടന്നിരുന്ന നഹുഷൻെറ വായിലാണു് ഭീമൻ ചെന്നുപെട്ടതു്. അയാളുടെ ശക്തിമുഴുവനും വ്യർത്ഥമായിപ്പോയി. വാവിട്ടുനിലവിളിച്ചുകൊണ്ടിരുന്ന ഭീമനെ ഒരു കാട്ടാളൻ വന്നു രക്ഷിച്ചു. ആ കാട്ടാളൻ മായാമാനുഷനായ കൃഷ്ണൻ തന്നെയായിരുന്നു. തന്മൂലം ഭീമനും നഹുഷനും ഒപ്പം മുക്തരായി. പാണ്ഡവരെ അനുഗ്രഹിച്ചുകൊണ്ടു് നഹുഷൻ സ്വധാമത്തിലേക്കു പോയി.

പിന്നെയുമൊരിക്കൽ പാണ്ഡുപുത്രൻ മൃഗയാ വിനോദത്തിലേർപ്പെട്ടു് വനമദ്ധ്യത്തിൽ സഞ്ചരിക്കുകയായിരുന്നു. ആ തക്കം നോക്കി ജയദ്രഥനെന്ന രാജാവു് ദ്വൈതവനത്തിലുള്ള പാണ്ഡവസതിയിലെത്തി. അയാൾ ദുര്യോധനാദികളുടെ ഏകസഹോദരിയായ ദുഃശളയുടെ ഭർത്താവാണു്. പാണ്ഡവരുടെ ശത്രുവും. ആശ്രമത്തിൽ ഏകാകിനിയായിരുന്ന പാഞ്ചാലിയെ ബലമായി തട്ടി

ക്കൊണ്ടു പോകാനാണ് അയാഠ ശ്രമിച്ചതു്. അപഹൃതയായ പാഞ്ചാലി വാവിട്ടു കരഞ്ഞു. ശബ്ദപരിചയം നിമിത്തം ധൎമ്മജൻ പാഞ്ചാലിയെ തിരിച്ചറിയുകയും ഭീമാൎജ്ജുനന്മാരെ അങ്ങോട്ടയയ്ക്കു കയും ചെയ്തു. യുദ്ധത്തിൽ ജയദ്രഥൻ പരാജിതനായി. അയാളുടെ ശാഖ മുറിയ്ക്കപ്പെട്ടു. നാണക്കേടു സംഭവിച്ച അയാഠ പാഞ്ചാലിയെ വിട്ടിട്ടു് തനിക്കിനിത്തപസ്സുതന്നെ നല്ലതെന്നു കരുതി മടങ്ങി പ്പോയി.

ഇത്തരം ദുസ്സംഭവങ്ങഠ ആവൎത്തിച്ചുകൊണ്ടിരിക്കെ ഒരു ദിവസം ദുൎയ്യോധനൻെറ സഭാമണ്ഡപത്തിൽ ഏതാനും വൃദ്ധബ്രാഹ്മ ണർ ചെന്നുകൂടി. അവർ അയാളെ വ്യാജസ്തുതികൊണ്ടു സന്തോഷി പ്പിച്ചു. പാണ്ഡവരുടെ ദ്വൈതാടവീവാസവും സുഖസുഭിക്ഷതയും കേട്ടതോടെ ദുൎയ്യോധനൻെറ മനസ്സെരിഞ്ഞു. എങ്ങനെയെങ്കിലും കൌന്തേയരുടെ മൂലഛേദം വരുത്തേണ്ടതു് ഒരാവശ്യമാണെന്നു് നേരത്തെ കരുതിയിരുന്ന ആളാണല്ലോ ദുൎയ്യോധനൻ. കൎണ്ണേജപ ന്മാരായ ശകുനിയും കൎണ്ണനും വേണ്ട പ്രചോദനം കൊടുക്കയാൽ ഒരു പുതിയ പരിപാടി സ്വീകൃതമായി. എല്ലാവരും ചേൎന്നു് ഒരു തീൎത്ഥയാത്ര പുറപ്പെടുക തന്നെ, നേരെ ദ്വൈത വനത്തിലേയ്ക്കു്. ദുരുദ്ദേശ്യമൊന്നുമില്ലെന്നു കാണിക്കുവാൻ സ്ത്രീജനങ്ങളെക്കൂടി കൊണ്ടുപോയ്ക്കളയാം! വേണ്ട സന്നാഹങ്ങളോടുകൂടി യാത്ര പുറ പ്പെട്ടു. ന്രാരവരും പരിവാരവും ചതുരംഗപ്പടയും ഒന്നിച്ചൊരു ഘോഷയാത്ര. കാട്ടിൽച്ചെന്നു് കൌശലത്തിൽ പാണ്ഡവരെ ശരി പ്പെടുത്തിയിട്ടു പോരാമെന്നുള്ളതായിരുന്നു നിശ്ചയം.

ഈ ദുർവൃത്തിയാനം ഇന്ദ്രനു സഹിച്ചില്ല. അദ്ദേഹം വിശ്വസ്ത ഭൃത്യനായ ചിത്രസേനനോടു് കൌരവരെ പരാജയപ്പെടുത്തി ബന്ധിച്ചുകൊണ്ടുവരുവാനാജ്ഞാപിച്ചു. ചിത്രസേനൻ ഹാഹാ, ഹൂഹൂ മുതലായവരൊരുമിച്ചു് മദ്ധ്യേമാൎഗ്ഗം കൌരവരെ തടഞ്ഞു. യുദ്ധമുണ്ടായി. സ്ത്രീകളൊഴികെ സകലരും ബന്ധിതരായി. ഭൎത്താക്ക

ന്മാരുടെ ദുരന്തം ദർശിച്ച സ്ത്രീകൾ കരഞ്ഞു പിഴിഞ്ഞു് ധർമ്മജനെ ശരണം പ്രാപിച്ചു. ദയാലുവായ അദ്ദേഹം ഭീമനേയും അർജ്ജുനനേയും സുയോധനാദികളെ മോചിപ്പിച്ചുകൊണ്ടുവരുവാൻ കല്പിച്ചു. വിമനസ്കരെങ്കിലും അവർ ഗന്ധർവ്വന്മാരെ തടഞ്ഞു നിറുത്തി പോരിൽ തോൽപിച്ചു. സകലരേയും തിരിച്ചുകൊണ്ടു വന്നു് ജ്യേഷ്ഠനു കാഴ്ചവെച്ചു. ദുര്യോധനാദികൾ ലജ്ജകൊണ്ടു് ചൂളിപ്പോയി. പാഷ്തി അവരെ നോക്കിച്ചിരിച്ചതാണു് തുലോം കഷ്ടമായതു്! ധർമ്മജൻ ഉചിതമായ ഉപദേശം നൽകി അവരെ യാത്രയാക്കി.

ഘോഷയാത്ര ആട്ടക്കഥ

(ശങ്കരാഭരണം–ചെമ്പട)

ശ്ലോകം–1

യമാത്മജോഽസൌ യമ ഭീമ സംയുത-
സ്സമം സ്വദാരൈഃ കൃത തീർത്ഥമജ്ജനഃ
മുനീന് സമഭ്യേത്യ തത സ്സമാനയന്
സമാനയദ് ദ്വൈതവനേ ഹ്യവാസ ച ॥

പദം–1

ധർമ്മരാജസുതൻ സഹധർമ്മിണീ സമേതൻ
ധർമ്മചിത്തൻ സഹാനുജൻ ധാർമ്മികാഗ്രേസരൻ
നർമ്മദാദി നദികളിൽ നിർമ്മിതസ്നാനാദികൻ
ദുർമ്മദൻ ദുര്യോധനൻെറ ദുർമ്മതി നിനച്ചും
നന്മ മേലിൽ വരുവാനായി ചിന്മയം ചിന്തിച്ചും
നിർമ്മലതാപസന്മാരെ നിർമ്മദൻ നിനച്ചും
നിർമ്മര്യാദശോകത്തെ നിർമ്മൂലമകററി
സമ്മത ദ്വൈതാടവിയിൽ സമ്മോദേന വാണു.

(തോടി–ചെമ്പട)

ശ്ലോകം–2

വികസിത കുസുമശ്രീവാസിതേ വാസരാന്തേ
വികസിത കുസുമേഷുർവീക്ഷ്യ വാസന്ത ലക്ഷ്മീമ് ।
വിലസിത വരഭൂഷാം ധർമ്മജന്മാ കദാചി
ദ്വിലുളിതഹൃദയോഽയം വല്ലഭാ മേവമൂചേ ॥

പദം-2

പല്ലവി

പാഞ്ചാലസുതേ ! ഈ ദിനം
പഞ്ചേഷു ദീപനം

അനുപല്ലവി

പഞ്ചമം കേൾക്ക നീ ബാലേ !
പഞ്ചമീന്ദുഫാലേ ! — (പാഞ്ചാല)

ചരണങ്ങൾ

1. പുഞ്ചിരി ജിത ചന്ദ്രികേ !
പൂഞ്ചികുര ഭാരേ !
ചഞ്ചരീകകുലം സുമ-
സഞ്ചയ രസത്തെ
സഞ്ചരിച്ചു ഭുജിക്കുന്നു.
ചഞ്ചലാക്ഷി ! കാൺക,
ചാഞ്ചല്യമെന്മനമാർന്നു
വാഞ്ഛ വളരുന്നു— (പാഞ്ചാല)

2. വാസന്തികേ വാസരാന്തേ
വാസന്തീ വികാസം
ഹാസംതേƒനുകരിക്കുന്നു
ഹാ ! ഹന്ത ! വല്ലഭേ !
രാജഹംസം നിന്റെ യാനം
രാജീവാക്ഷി ! കണ്ടു,
രാജപുത്രി ! ലജ്ജകൊണ്ടോ
രാജീവേ മറഞ്ഞു ?
രാജമാന ദ്വിജരാജൻ
രാജതി ചേദാനീം
രാജധാനി തന്നിലില്ല
രാജഹംസങ്ങളേവം— (പാഞ്ചാല)

(കാമോദരി–ചെമ്പട)

പദം-3

സുമബാണ സഹായം-സമയമഹേയം
സുമതേ ! രമണീയം
മനസി മദനമാൽ പൂണ്ടു; വലഞ്ഞേൻ മനസിജ-
സുന്ദര ! മാനം വെടിഞ്ഞേൻ.
വിധു മുഖ ! വരിക, ലതാഗൃഹമധുനാ
നിധുവനഗേഹ മിതായിതു വിധിനാ
കരകിസലയമപി കുരു കുചഭാരേ
വിരചയ കുസുമം മമ കചഭാരേ
അങ്കേ ചേർത്തു പുണരന്നു മദങ്ഗം
തിങ്കൾ കുലോത്തമ ! ജനിതാനങ്ഗം
പല്ലവ തുല്യാധരമിഹ ദേഹി
വല്ലഭ ! വിവിധരതഞ്ച വിധേഹി

(നവരസം–ചെമ്പട)

ശ്ലോകം-3

നിർജ്ജിത്യ നിർജ്ജര രിപൂന് പുനരജ്ജുനോ*f*യമ്
സുത്രാമദത്ത സകലാസ്ത്രപരിതി ഹൃഷ്ടഃ ।
ശച്യാ ശുചാ ശിരസി ചുമ്ബ്യ ചിരം വിസൃഷ്ടോ
ധർമ്മാത്മജം പ്രഥമമേത്യ നനാമ മൂർദ്ധ്നാ ॥

പദം-4

വരിഷ്ഠ ! നിൻ പാദയുഗം-വന്ദിക്കുന്നനിശം
വരമിന്നു വരിച്ചു ഞാൻ–കേൾക്ക നീ
വിനഷ്ടമായ്‌വരും നമുക്ക–നിഷ്ടമശേഷമിനി
വിശിഷ്ടമാന്യ !–ഇതി മന്യേ— (വരിഷ്ഠ)

ഗിരമിന്നുകേട്ട ഞാനുമങ്ങിനെ പോയി
ഗിരി തന്നരികിൽ ചെന്നു തങ്ങിനേൻ
ഗുരുവരന്മാരെയും വണങ്ങിനേൻ-ചിരം
ഗിരിശം തപം ചെയ്തസ്ത്രം വാങ്ങിനേൻ-
ഹേ ജ്യേഷ്ഠ !— (വരിഷ്ഠ)

സുരപതി ശാസനം ഗ്രഹിച്ചുടൻ ചെന്നു
സുരരിപു സംഘം നിഗ്രഹിച്ചു-ഉടൻ
പുരന്ദരൻ താനനുഗ്രഹിച്ചു-ഉടൻ-നിന്നെ
പുരതോ/പി കാണ്മാനാഗ്രഹിച്ചു-ഉടൻ പോന്നിഹ—
(വരിഷ്ഠ)

(സൗരാഷ്ട്രം മുറിയടന്ത)

പദം-5

വാസവതനയ ! വീര!-വാസുദേവഭക്തഹീര !
വ്യാസ വാക്കു കേട്ടു, കൃത്തി-വാസസം തപം ചെയ്തസ്ത്രം
പാശുപതം വാങ്ങിയതു-പേശലാങ്ഗ ! പണിയിതു
ആശരഭൂപതിമാരെ-ആശു കൊൽക നീ സമരേ
മങ്ഗലം വരും നിനക്കു-സംഗരാന്തേ നീ ജയിക്കും
സങ്ഗതി വരുമിതിനു-ഭംഗം നിനക്കില്ലൊന്നിനും

(ഗോപികാ വസന്തം-അടന്ത)

ശ്ലോകം-4

പക്ഷി പ്രൌഢരഥം വിപക്ഷവിഹിതാ
നേകവ്യഥാന് പാണ്ഡവാ
ന്ദിക്ഷുഖ്യാത ഗുണാന്ദിദൃക്ഷു മൃഷിഭിഃ
ക്ഷോണീ സുരൈരാഗതമ്,

സാക്ഷാത് കൃത്യച സാക്ഷിണം ത്രിജഗതാം
സാക്ഷാജ്ജഗന്നായകമ്
തേ ക്ഷീണാഘചയാഃപ്രണമ്യ പുരുഷം
പ്രോചുഃപൃഥാ നന്ദനാഃ ||

(ധർമ്മപുത്രൻ പറയുന്നു)

പദം–6

ഭാഗ്യം മമൈവ, ഭുവി-ഭുവനപാലഭോഗ്യവിഭവേന കിം?
ഭോഗിവരശായിന് !
യോഗ്യം തവകൃപയാലഖില–മാഹിതനായേൻ (ഭാഗ്യം)

സകലാധാര ! ഹേ ! നാഥ !-സകലുഷ മഹീരക്ഷണം
സ്വകുല ധർമ്മമെന്നാലു–മകലെ ഞാൻ വെടിഞ്ഞിട്ടു
പകലും രാത്രിയും നിന്നെ–സകലം ചിന്തിച്ചു ഹൃദി
ശകലിതാഘനായ്‌വന്നേൻ–സഫലമായ് മമ ജന്മം—
പരമഹംസ സേവിത പുരുഷരത്നമേ ! നിന്നെ
പുരതോ കണ്ടഹോ ! മമ പരിതോഷം വളരുന്നു
പരിപന്ഥികളാലേററം പരിഭൂതനിവൻ ഭീമൻ;
പരരെ ജയിപ്പാൻ കൃപ പരദൈവമേ ! ചെയ്യേണം—
പുണ്ഡരീകേക്ഷണ ! പുണ്യ ജന വിരോധിന് !
പുണ്യംകൊണ്ടു നിന്നടിപണിയാൻ–സംഗതി വന്നു
പാണ്ഡവക്കു സമരേ പാണ്ഡിത്യം വരുവാൻ നിൻ
പൂർണ്ണകടാക്ഷം വേണം-പൂർണ്ണശശിവദന !— (ഭാഗ്യം)

(ശഹന-അടന്ത)

പദം-7

ശശധര കുലദീപ ! ഭവതു ശുഭന്തവ
സത്യസന്ധ–സുശുഭചരിത–മതിശോഭിത ! യമസുത !
കുശലമേവ തു കുരുവര ! ഭവതു
കുരു മനോമയി-ശുചമിതു വെടികയി !— (ശശധര)

സമരഹത രിപുവീര-സോമകദ്രഹിതൃജാവര !
ഭീമ നീ രണേ കൊല്ലും-ഭൂപാധമരെയെല്ലാം
ഭങ്ഗം വരികയില്ല സമരസീമനി നീയിനി
സഫലമാക്കുക സമയ വാക്കിനെ (ശശധര)

പാർത്ഥ ! ഫൽഗുന ! കേൾക്ക നീ-പ്രാർത്ഥിതം ലഭിക്കുമിനി
പശുപതി വരം നിനക്കു-ഫലിക്കുമെന്നതു നിനയ്ക്കു,
പ്രത്യർത്ഥികളെ ജയിക്ക-
പ്രമഥപതിയൊടുപൊരുതനിന്നൊടു
പടപൊരുവതിനു പടുതയെവനു? (ശശധര)

ശ്ലോകം—5

യദുപ്രവീരോദിതവാക്സുധാഭിർ-
യദാമനോദുഃഖവിഷാത്തിമുക്താഃ
യുധിഷ്ഠിരാദ്യാ അഭവന് പ്രഹൃഷ്ടാ-
വിധ്വസ്തദൈവാഭിജഗാമ ധാമ ||

(തോടി—ചെമ്പട)

ശ്ലോകം—6

തദനുമൃഗയാകാങ്ക്ഷേ യാതേ മൃഗാധിപവിക്രമേ
മൃഗയതി മൃഗാദീനാം മാർഗ്ഗം കൃതാന്തസുതേവനേ,
അജഗരവൃതേ ഭീമേ മോഹാദജാഗരമാനസേ
രുദതി, മൃഗയുഃകശ്ചിദ്ദൃഷ്ട്വാ ff ജഗാമ വിചിന്തയൻ ||

പദം—8

വാഹസമൂഹം തന്നിൽ വീണഹോ! ഇഹ
സാഹസമിന്നുവന്നു—താരിവൻ!
ചെന്നിട്ടറിവേ—നെന്നിട്ടഹിയെ
കൊന്നിട്ടേ ഇനിയുള്ളു കാര്യം. (വാഹസ)

കരിപ്രകരകുംഭം ഭേദിക്കും-
ഹരിപ്രവരന്മാരുടെ യൂഥം
ആരുമൊരുത്തൻ പോരയമത്താൻ
ആരാലിവിടെ വരുവാനും
ക്ഷുരപ്രനഖരാം ശാർദ്ദൂലങ്ങൾ
ചരിപ്പെട്ടം, മൃഗമിരിപ്പെട്ടം
നേരേവന്നു—നായാട്ടുവതിനു
നോരാഞ്ഞൊരു നരനില്ലേ നൂനം.
നിരപ്പിലനവധി മൃഗതതി തമ്മിൽ
കടിപ്പുതൊണ്ടിഹ കാട്ടിടതോറം
ഭീരുത കൂടാതൊരുവനുമിവിടെ
ധീരതയോടെ വരുമാറില്ലേ! (വാഹസ)

(നാഥനാമാദ്രി-അടന്ത)

പദം—9

പാഹി കൃഷ്ണ! കൃപാനിധേ—പരിപാഹി പത്മദളേക്ഷണ!
വാഹസം പിടിപെട്ടുവാതജ-ദേഹമൊക്കെ വരിഞ്ഞഹോ!
ഏഹി, മോഹിതനായഭീമനു-ദേഹി ജീവിതമഞ്ജസാ
ഹാ! ഹതോƒസ്മി, ഹരേ! ജനാർദ്ദനസോƒഹമിന്നു-
കരോമികിമ്?

(തോടി)

പദം-10

കനത്തശോകം പൂണ്ടൊരുമനുജൻ
വനത്തിൽ വന്നിഹകേണീടുന്നു,
ഞാനുന്താനേ കേൾപ്പുനവനൊടു
മാനവ ചൊല്ലുക നീയാരെന്നും

അനക്ഷതമറിവേനല്ലോ ഞാനൊരു
ജനത്തെ ഉരഗം വരിയുന്നൊരേ
ദൂനജനത്തിന ജീവനമുടനെ
ദാനം ചയ്‌വതു സുകൃതമിതല്ലോ!
അനോകഹാഗ്രേ ശയനം ചെയ്യോരു
വനാഹിയുണ്ടിഹ ഞാനിന്നവനുടെ
ആനകളാഹാരം ചെയ്യുന്നോ-
രാനനമസ്സുംകൊണ്ടുനിറപ്പേൻ (വാഹസ)

(നാഥനാമാദ്രി)

പദം–11

താമസിക്കരുതേ മുരാന്തക! താമസാഹിയെ കൊല്ലുവാൻ
ഭീമസേനനവസ്ഥയിങ്ങനെ രാമസോദരവന്നഹോ!
ബന്ധുരാംഗ! നമുക്കു ബന്ധു വനാന്തരേ നഹി ആരുമേ
ചന്തമോടടി ചെന്തളിർ തവ ചിന്തയേ പരമെന്തുമേ !

(തോടി)

പദം–12

ഗിരിപ്രപാതേ വന്നനൃപന്മേ ഗുരുപ്രമോദം നൽകീടുന്നു.
ആരാവം കേട്ടഹമറിയുന്നേൻ-പാരിൽ പ്രഭുവാം
പാണ്ഡവനെന്ന നരപ്രവീരൻ ധർമ്മജനേകൻ
അരിപ്രമാഥി ഭീമനന്യൻ
അയ്യോ! ശിവ! ശിവ! കഷ്ടമിദാനീം
പയ്യെപ്പോയാൽ പോര നമുക്ക്
ശരപ്രയോഗം ചെയ്യഹിയെഞാ-
നരുപ്രതാപാൽ കൊല്ലും നിയതം.

പൂരുകുലത്തിന്നധിപന്മാരിവ-
രോരാതെ വരികയെന്നവരാം
വീരവരരെച്ചെന്നു കാണണം, പദ-
വാരിജമതിൽ പണിഞ്ഞീടണം

(മധ്യമാവതി-ചെമ്പട)

ശ്ലോകം—7

ഭില്ലേനാഗസ്തൃശാപാന്നഹൃഷനരവരേ
വാഹസത്വം പ്രപന്നേ
ഭല്ലൈർഭിന്നേ സതേജസ്സനരഥപുരതോ
മുക്തശാപസ്സമേത്യ
പാൎത്ഥാന് പ്രീത്യാƒനുഗൃഹ്യോദിത നിജചരിതോ
ദേവഗേഹേ ജഗാഹേ
പ്രോവാചൈനം പ്രഹൃഷ്ടസ്തദനു വനചരഃ
സാഞ്ജലിം വീക്ഷ്യവാചമ് ॥

പദം—13

കാത്തരുൾ കൈകൂപ്പിനേൻ നിൻ
കാൽത്തളിരിൽ, കാത്തിരുന്നേനിത്രനാളും
കീൎത്തിയുള്ള നിന്നെ കാണ്മാൻ
കാൎത്തികേയോപമ! ഞാൻ കൃ-
താൎത്ഥനായേ നിന്നു തന്നെ — (കാത്ത)

പാൎത്ഥിവ പ്രവര! നിൻെറ പര-
മാർത്ഥമറിഞ്ഞേനേ
പാൎത്തല പ്രസിദ്ധം തവ
കീൎത്തികളഖിലവും,
പേൎത്തുകണ്ടേൻ മനോരഥ-
പൂൎത്തിവന്നെനിക്കു നൂനം

കൂത്തബാണങ്ങളെക്കൊണ്ടു
കൃത്യമെന്താണെന്നേക്കൊണ്ടു
സത്യമുണ്ടേ, ശങ്കവേണ്ടേ
വൃത്തികൊണ്ടേവം വനചാരിയായേൻ (കാത്ത)

പണ്ടുചെയ്ത പുണ്യത്തിൻെറ ഫല-
മിന്നുഭവാന്മാരെ
കണ്ടുകൂപ്പാൻ സംഗതിയു-
മുണ്ടായതിന്നെനിക്കു,
തീണ്ടലുള്ള ജാതിയാം ഞാൻ
തെണ്ടി; കാട്ടുമൃഗത്തെ
മണ്ടിവന്നേനെങ്കൽ കൃപ-
യുണ്ടായ്‌വരേണം നിത്യം
നീചകൃത്യൻ നിൻെറ ഭൃത്യൻ
ഞാനൊരുത്തനുണ്ടെന്നറിക നീ (കാത്ത)

(ശങ്കരാഭരണം—അടന്ത)

പദം—14

കാട്ടാള പരിവൃഢ! കേട്ടുകൊൾകെൻെറ വാചം,
കിട്ടുമയേ! കുശലം.

നാട്ടിൽ നായകത്വം കൊണ്ടാൻ
നാഗകേതനൻ
ശാഠ്യംകൊണ്ടും ചതികൊണ്ടും
ചൂതുകൾകൊണ്ടും. — (കാട്ടാള)

കാട്ടിലാക്കി ഞങ്ങളെ, പാട്ടിലാക്കിനാൻനാടു
കൂട്ടില്ലൊന്നിനു,മത്രമട്ടില്ലീശ്വരാധീനം
വേട്ടയ്ക്കൂത്ര ഞാൻവന്നു ചേഷ്ടിക്കും സഹജനെ
വേഷ്ടിച്ച വാഹസം നീ പൊട്ടിച്ചുദൈവഗത്യാ (കാട്ടാള)

മട്ടില്ല സുകൃതം തേ ഒട്ടല്ല എന്നുടെ തോഷം
തട്ടീടാ നിനക്കൊന്നും തൊട്ടനുഗ്രഹിച്ചീടാം
വിട്ടീടാം വസിച്ചാലും വീട്ടിൽച്ചെന്നു നീ സൌഖ്യം
കഷ്ടപ്പാടിതൊക്കെയും കഷ്ടകാലമെന്നോർക്ക (കാട്ടാള)

ശ്ലോകം—8

പുളിന്ദമേനം സവിസൃജ്യ സാനുജഃ
കളിന്ദജാഭ്രാതൃസുതോഽഭ്യുപേത്യ ച
സുവർണ്ണവാഹം മനസാഽപി ചിന്തയൻ
സുപർണ്ണശാലാം സുഖമാവസത് സ്വയമ് !

(സാരംഗം—ചെമ്പട)

ശ്ലോകം—9

കാന്താരേഽടതസ്സ്വകുന്തീജനുഷ്ഷുസഹചരൈ-
രേകദാഽഖേടഹേതോ-
രന്തർമ്മോദാദമീഷാം വസതിമുപഗതോ
ഹന്തുകാമോമൃഗാദീൻ
സന്ത്രസ്തൈണേക്ഷണാന്താം ദ്രുപദനൃപസുതാം
വീക്ഷ്യ പ്രച്ഛന്നമാത്ര്യം
സോഽന്തസ്താപാന്ധചേതാസ്തരളമണിലസത്-
കന്ധരസ്സിന്ധുരാജഃ !

പദം-15

കാന്തയിവളേതുവിപിനെ വാഴുന്നു
കാന്താര സീമ്നി വിജനേ!
ചന്തമിയലുന്നിവളൊടെതി-
രില്ലൊരു യുവതി

ചെന്തൊണ്ടി പോലധരവും സുദതിക്ക
ചെന്താമരാക്ഷിയുഗളം
ദന്തികുംഭദ്വേഷി കുളിർ-
കൊങ്കയുഗളവും
കുന്തളം കൂരിരുട്ടെ ജ്ജയിപ്പാനലം
ശരദിന്ദുബിംബമുഖിയെ
കണ്ടളവിലരവിന്ദബാണ
നിരയേററ

അരുതെന്ന മതിമമ
നഹിയിവളെ വേർപെട്ടു
മരുവുന്നു മന്ദിരേചെന്നു
ഞാനെങ്ങിനെ?
ഇന്ദ്രാണിയോ? കമലയോ?
ഗിരിസുതയോ? വൃന്ദാരകവനിതയോ?
ഇന്ദീവരാക്ഷിയിവ-ളവരി-
ലൊരുവരുമല്ല, സുന്ദരി
പാർത്ഥരുടെ-സന്ദേഹമതിനില്ല.
ചന്തമോടു ചെന്നരികിൽ ഞാൻ
സചിവവര!
ചിന്തിതമഥോ സാധയാമി

(ഭൈരവി-ചെമ്പട)

പദം-16

ബന്ധുരാംഗിയാമിവളെ-
ബന്ധിച്ചു തേരതിൽക്കേററി
സിന്ധുരാജപോകാം വൈകാതെ
സന്തോഷമോടെ

KOTTAYAM PUBLIC LIBRARY • KOTTAYAM.
H3553

സന്താപിക്കരുതേ സുമതേ!
കാന്താരവാസികളാകും
കുന്തീപുത്രരോടെതിൎത്തു
പിന്തിരിയാതെ പോരുവൻ ഞാൻ
പൂന്തേൻ വാണിയെ കാന്തയാക്കി
വെച്ചുകൊൾക നീ

ശ്ലോകം- 10

ബൃഹദ്രഥാത്മജ്ജയദ്രഥോഽവതീര്യതത്സമീപഗ-
സ്സപാർഷതീം പ്രഹർഷമാണമാനസോഽവിചാരയന്
ദുരാസദാം ദുരാഗ്രഹഗൃഹീതമാനസസ്തത-
സ്സുരാർപ്പിതാം ബലിംഗൃഹേഷുസാരമേയവദ്ധൃതമ്!

(വേകട-ചെമ്പട)

ശ്ലോകം-11

സാമാന്യനാരീ ദ്രുപദേന്ദ്രപുത്രീ
സാമാന്യ ഭാവേന ജയദ്രഥേന
കാന്താരവിന്ദായതലോചനൈഷാ
കാന്താരദേശേഽപഹൃതാബഭാഷേ ॥

പദം-17

മോഷണം നീ ചെയ്‌വതിനിഹകുല-
ദൂഷണ! വന്നതഹോ!
ഭീഷണതര! കേൾ പരവനിതയിൽ സ്പൃഹാ
ഭൂരിശോകകരമായ് ഭവിക്കും — (മോഷണം)

ഭീഷണികൾകൊണ്ടു നിൻെറ
ഭാഷണം ചെയ്കയല്ല ഞാൻ
ഭോഷ! മത്പതികൾ കണ്ടാൽ
തടുക്കും നിന്നെ, ഗദയതെടുക്കും
ഗതിമുടക്കും, കൊതിയതടക്കും
കോപമൊടുനിന്നെ വധിക്കും — (മോഷണം)

മുൻപിലവനിജാ തന്നെ
അമ്പൊടുഹരിച്ചു മോഹാത്
വമ്പനാം രാവണൻ മതിമറന്നു
രാമൻ സമുദ്രം കടന്നു; സവിധം ചെന്നു
സമരം തുടർന്നു സബലമവനെയും കൊന്നു (മോഷണം

ദുഷ്ടകനമീദൃരാശാ
ദുഷ്ടളയ്ക്കു വൈധവ്യത്തെ
ദുഷ്ടംസ! സംശയമില്ല വരുത്തും, നിന്നെ
പതികൾ പറത്തും, പാരമമത്തും
പൃഥനക്കരുത്തും, പോകപോക പുരത്തിൽ (മോഷണം)

ദണ്ഡകം.

ധാത്രീശപുത്രിയുടെ വാത്താം നിരസ്യ
മദനാർത്തോ ജയദ്രഥനടുത്തു
കരമതിലെടുത്തു, കപടമവനൊത്തു,
കുമതിരഥമതിലവളെ
വിരവൊടുകരേററീ-നിജ
കുതിരകളെയങ്ങഥ നടത്തീ,
പാഞ്ചാലിതൻപതികളഞ്ചാളെയും
ഭയമൊടഞ്ചാതെയങ്ങഥ വിളിച്ചു;
മോഹമതുദിച്ചു;-മുഹുരപിപതിച്ചു
നയനജലനദിയിൽബത പരിചൊടുകുളിച്ചു.

തന്റെ വസനമതുകൊണ്ടവൾ തുടച്ചു.
കാണാഞ്ഞൊരുത്തനെയു-മേണാങ്കബിംബമുഖി
വീണാശു ദേവരെ വണങ്ങി;
വിധുതപുളകാംഗീ-വിരവൊടുനതാംഗീ
വിവശതയിൽ മുഴുകി; നിജ-ജനനമതു വിഫലമിതി
നരതന്റെ നിനച്ചഥ മയങ്ങി;
ദേഹം വിറച്ചിതതി ദാഹം പിടിച്ചു നിജ-
ധൈര്യം വെടിഞ്ഞഥ കരഞ്ഞു;
ചേതസി നിറഞ്ഞു-ശോകമതറിഞ്ഞു
ശൗരിയുടെ ശരണതളിർ
ശരണമതു കരുതി ഏദി
തരുണിമണി താണപിപണിഞ്ഞു.

(പുന്നാഗ വരാളി-അടന്ത)

ശ്ലോകം—12

വനിതാ വിനതാനനാ രുദന്തീ
വിനതാനന്ദന വാഹനം സ്മരന്തീ
അവനായ പൃഥാഭവാമവാദീ-
ദവനീ ശാപശദാപമാനിതാ_

പദം--18

കൃപ ചെയ്താലും കൃഷ്ണ !
കരുണാബ്ധേ ! കടാക്ഷിക്കം
ദ്രുപദയെ മറന്നോ ദ്രുതം ഹാ ! നീയും
വിപാദമീവിധം ഇഹ സപദി കാൺക നീ
എന്നെ നൃപതിനീചനിന്നിതാ
നയിച്ചിടുന്നതി കഷ്ടം ! — (കൃപ)

സമിതിയിൽ വസനത്തെ
കുമതികളഴിക്കുന്ന
സമയം നിൻകൃപയൊന്നേ
സമാശ്രയം മേ,
സമയം ചെയ്തോരു ഭീമൻ
സുമതേ ! കാണ്മതിനില്ലേ;
സമവർത്തി സമനിവൻ
കിമിഹഞാനഹോ ! ചെയ്‌വൂ ! — (കൃപ)
വൃജിനമെന്തുഞാൻ ചെയ്തേൻ
വിജനേ വാഴുമെനിക്കു
സുജനാനുഗ്രഹമിന്നു സമസ്തമയ്യോ !
അജനി വിഫലാ; മൂർദ്ധനി
അജനെഴുതിയ രേഖാ !!
അജിത ! നിൻ പദപദ്മ-
ഭജനമേ എനിക്കൊള്ളൂ. — (കൃപ)

(കാന കുറിഞ്ഞി-പഞ്ചാരി)

ശ്ലോകം—13

ശ്രുത്വാ നാദം ശമന തനയോയാജ്ഞസേനീം വിദിത്വാ
ശത്രും ജേതും ശതമഖസുതം പ്രേരയാമാസ ഭീമമ്,
താവത്പൃച്ഛദ്ധ്വജപടകൃതാഹ്വാനകൃത്യാവിവാരാ-
ത്താവത്പ്രാവൃക്ഷിതിപഹതകംപ്രോചതുഃപ്രാപ്തകോപഃ

പദം—19

അർജ്ജുനൻ- ചോരണപ്രവൃത്തികൊണ്ടു
ചാരുഗാത്രിയെഹരിച്ച
ചോര നീച ! നില്ലിതിന്നു—ചേരുമോ? എടാ !

ജയദ്രഥൻ- രത്നഭൂതമായവസ്തു പാർത്ഥിവർ ലഭിപ്പതിന്നു
യത്നമങ്ങുചെയ്തിടുന്നു; പാർത്ഥ ! പോക നീ.

അ— നരഹരിക്കു തുല്യനായ നരനഹം നിനയ്ക്കു മൂഢ!
നരിയൊടൊത്ത നരഹതക ! നേരെയിവിടെ വാ

ജയ— കൂടയുദ്ധമെന്നോടിന്നു കൂട്ടമോ? വൃഥാതനൂജ!
വാടാ ! ദുർമ്മതേ ! വികത്ഥനം വൃഥാഫലം.

അ— വീരനായ ഞാ നസിക്കു വീരപാനമിന്നുനിൻെറ
ചോരകൊണ്ടുതന്നെ ദാരചോര ! ചെയ്തിടും.

ശ്ലോകം—14

വിജിത്യാജൌ കൃത്വാ വിശിഖമഥസൌവീരകപതിം
'വ്രജേ'ത്യാജ്ഞാം ദത്വാ ശമനജഗിരാ വാതതനയഃ
വിശോകാസ്തേ പത്ന്യാ സഹ വിവിശുരാത്മീയവസതിം
വിസ്തീർണ്ണാംഗസ്തപ്ത്വാ കൃതമതിരഗാത് സിന്ധുനൃപതിഃ !

(പാടി-അടന്ത)

ശ്ലോകം—15

രാജേന്ദ്രാരമ്യനവോദയേ നിജപതേഃ
പ്രാപ്തപ്രസാദാംസ്ഫുരത്—
പ്രോദ്യദ്രാഗവതീംരതിപ്രിയതമോ-
ദ്ദാമോദയോദ്ദീപനീമ്
ആരാമേ കുരുനായക സ്വാദയിതാം
താരാവലീം ബിഭ്രതീം
ശ്യാമാം യാമവതീം ച വീക്ഷ്യ സുവചാഃ
പ്രോവാച ദുര്യോധനഃ

പദം—20

കാമിനീ ! കാൺകയിതാ-യാമിനി വരുന്നതു
നാമിനി രമിച്ചീടേണം
കാമസായകമേററു കാമം വലന്നിതേററം
കാമ വിവശനെന്നു കരുതീടേണമെന്നെ;

മങ്കമാർ മകുടമേ ! തിങ്കൾ നിൻ മുഖം കണ്ടു
അങ്കമൊളിപ്പാൻ വഴി ശങ്കിക്കുന്നു;
കൊങ്കകൾ കണ്ടു നിൻെറ,
വൻ കരി കുംഭം താഴ്ത്തി
പങ്കജനിയിലിതാ-കുമ്പിട്ടുന്നോ കൈപൊക്കി— (കാമിനീ)

കുന്ദാവലി വിടൎന്നു, കിന്നു തേ ദന്ത പങ്ക്തി
മന്ദം ഹസിച്ചിട്ടുന്നോ-മന്ദാനിലൻ
സന്നദ്ധനായി വന്നു സുന്ദരി വീശുന്നു-
മന്ദാക്ഷം വെടിഞ്ഞില്ലേ ? മന്ദതയെന്തിത്ര ?— (കാമിനീ)

കണ്ടു നിൻ കേശഭംഗി-കൊണ്ടലെന്നോൎത്തു കേകി
കൊണ്ടാടി നടക്കുന്നു-കണ്ടാലും നീ
വണ്ടുകൾ മധുവുണ്ടു മണ്ടി നടക്കുന്നു; നീ
മിണ്ടായ്കകൊണ്ടു മന-മിണ്ടലിയലുന്നു മേ— (കാമിനീ)

രംഭാദികളാം സുര-ശംഭളിമാർ തൊഴുന്ന
രംഭോരു കഥിക്ക നീ സംഭാഷണം
സംഭോഗകാലം പരിരംഭണം കഴിക്ക നീ
സംഭാവനം ചെയ്യുന്നേൻ-അംഭോജായത നേത്രേ !—
(കാമിനീ)

(എരിക്കില-ചെമ്പട)

പദം-21

മന്മഥസമ ! കേൾക്ക മമ വാചം;
വെൺമതികുലദീപ ! പൊന്മയഗൃഹമതിൽ
വെൺമയൊടു രമിപ്പാൻ-എന്മനമതിലഭിരമ്യ
രതിയതിനു സമ്മതി തരിക ഹേ ! സമ്മദമൊടു— (മന്മഥ)
മാകന്ദ തളിർ തിന്നു കൂകുന്നു കോകിലം
ഹാ, കിന്നു ഹൃദി ധൈര്യം !
ആകുന്നവിധമിന്ദു തൂകുന്നു കരജാലം

കോകി വിരഹം കൊണ്ടു വേകുന്നു;
ചിത്തമെന്റെ വൈകുന്നു പുണരാൻ; നിൻ
പാകനോക്കുന്നേൻ— (മന്മഥ)

അംഗജനി നീല മതംഗജമേറി
സംഗരത്തിന്നൊരുങ്ങി
അംഗാരസമ ബാണം ചൊരിയുന്നു
മംഗലമദ്യ ഭുജംഗമകേതന-
സംഗസുഖത്തിനു സംഗതിവന്നു

(പരസ്യ-അടന്ത)

ശ്ലോകം-16

പാർത്ഥാനുഗാൻ കാംക്ഷന വിപ്രവൃന്ദാന്
പ്രീത്യാതദീയാം ബ്രുവതഃ പ്രവൃത്തിമ്
പ്രത്യാഗതാംസ്താനഥ ധാർത്തരാഷ്ട്രഃ
പൃഥ്വീപതിഃ പ്രാപ്തസഭോ ദദർശ

പദം—22

നിത്യം നമാമ്യഖിലേശം—നത—
നിർജ്ജര പാദ കുശേശയ-മീശമ്
നീരദനിഭരുചിരാങ്ഗം—കര-
ധാരിത ശംഖ ഗദാബ്ജ രഥാങ്ഗമ്
നാഗവിപക്ഷ ശതാംഗം—നത
നാരദമുനി ചേതോ നിഷങ്ഗമ്— (നിത്യം)

ശങ്കരമുരഗവിഭൂഷം—ശിശു
ശശധര ശകല വിരാജിത ശീഷമ്
ഗൌരമുദാര സുവേഷം—ഹൃത
ഗൌരീ മനീഷ മങ്ഗീകൃതയോഷം— (നിത്യം)

പാണ്ഡവന്മാർ ജയിക്കട്ടെ—നിജ
പാണ്ഡിത്യഹാനി വരാതിരിക്കട്ടെ
പാഞ്ചാലിയെക്കള്ളൻ കട്ടുപോകുന്നേരം
നിൻ കാരുണ്യത്താൽ കണ്ടുകിട്ടി— (നിത്യം)

(സുരുട്ടി)

പദം-23

വരിക കുശലമല്ലേ ! വിപ്രാണാം
വരവിഹപരമില്ലേ
പുരിയിലാഗ്രഹമിന്നു പ്രവർത്തി-
ച്ചതിതുനന്നു; കരളിലെന്തിഹ
കരുതിവന്നതു കുരുസഭ തന്നി
ലരുളുകെന്നോടു— (വരിക)

വദത മുദിതരെങ്കിൽ വേദിയന്മാർ
വിദിതമുദിതമെങ്കിൽ സുദിനമിന്നുമേ ജാതമ്
സദനമപിച പൂതമ്
പേരിതാഖിലവേദരെ ! ഖലു
മാദൃശോ നഹി മേദിനീപതിഃ— (വരിക)

കഷ്ടം ! പാർത്ഥവൃത്താന്തം ചൊന്നാലും
വിട്ടുപോന്നോരുദന്തം
മൃഷ്ടാന്നത്തിനു കാട്ടിൽ മുട്ടിപ്പോന്നിതോ ?
വീട്ടിൽ ചുട്ടുതരുമതഷ്ടിചെയ്തഥ
വഡ്ഢി ഭീമനുമൊട്ടു വാടിയോ ?— (വരിക)

(മോഹനം—അടന്ത)

പദം—24

ബ്രാഹ്മണർ— കൈരവബാന്ധവ വംശശിഖാമണേ !
കൌരവ ! കേൾക്ക വാക്യം
പാരം പ്രസിദ്ധങ്ങൾ പാർത്ഥചരിതങ്ങൾ
പാരെങ്ങും കേളിയായ്ക്കേളാഞ്ഞതെന്തഹോ !—
(കൈരവ)

സ്വസ്ഥരായിമേവുന്ന സ്വസ്തിയോടെ പാൎത്ഥർ-
നിത്യവും

സദ്യയും വിസ്തരിച്ചുകൊണ്ടു
ഹസ്തിനം കാണ്മതിനത്ര വന്നു ഞങ്ങൾ
ഭുക്തിക്കായല്ലിഹ പൃഥ്വീശ! പോന്നിതു—(കൈരവ)

ഭീമന്റെ ദേഹവും സാമാന്യത്തിലേററം
സ്വാമിന് തടിച്ചോരു സ്ഥേമാവുമുണ്ടായി
ഭൂമിപ ! പോകുമ്പോൾ ഭൂമി കുലുങ്ങീടും
ഹേമാദ്രിപോലവേ, ഹേ മഹാരാജേന്ദ്ര!—(കൈരവ)

കൂൎമ്മീരാദിയെക്കൊന്നും ദുർമ്മദമടങ്ങില
ദുർമ്മതി കുരുക്കളെ നിർമ്മൂലം നശിപ്പിച്ചു
ധർമ്മജനു ഭൂമിയെ ധർമ്മതോ നൽകുമെന്നു
ദുൎമ്മദനരയ്ക്കുന്നു; ദുർമ്മോഹമിതു നൂനം—(കൈരവ)

ഇപ്പോളൊരു വൃത്തമുത്പന്നം; കേട്ടില്ലേ
ഉത്പല നേത്രയാം തത്പത്നിയെ കട്ടു
അപ്പോഴസൌവീര കുപ്പുളതന്നുടെ
ദർപ്പം ഭീമൻ പോക്കി പില്ലാടവനെങ്ങോ ?—
(കൈരവ)

(പന്തുവരാളി-ചെമ്പട)

പദം—25

ദുര്യോധനൻ—അന്തണരെ പ്രതിബന്ധിച്ചീടുക
ഹന്ത ! സുകിങ്കരരെ !
കുന്തീസുതരെ വനത്തിലയച്ചും
കിന്തുസുഖം ? മമ മാതുല കേൾ നീ
അന്തകപുരിയിലയപ്പാനവരെ
എന്തൊരുപായം ചിന്തിച്ചരുളുക— (അന്തണരെ)

കണ്ണ! സുഹൃത്സുഹൃവാക്കുകൾ കേട്ടും
കണ്ണ ! സഖേ ! തവ മൌനമിതെന്തിഹ ?
ദുസ്സള തന്നുടെ ദുഃഖം തീർപ്പാൻ
ദുശ്ശാസന ! വദ, നല്ലൊരുപായം— (അന്തണരെ)

(കല്യാണി-അടന്ത)

പദം-26

ധാർത്തരാഷ്ട്രമൌലേ ! കേൾക്ക
ധൈര്യമോടു വിഭോ !
ധൂർത്തതയെനിക്കുള്ളപ്പോൾ
ധരണീപാലൻ നീ തന്നെ— (ധാർത്ത)

ചെന്നു നാമെല്ലാമവിടെ
ചതിയോരോന്നു ചെയ്തീടാം.
ചതുരങ്ഗപ്പടയെല്ലാമവർ കാണുമ്പോൾ
മതിമയങ്ങു മഹ മിണങ്ങും
ചതി തുടങ്ങു മവരൊടുങ്ങുമേ— (ധാർത്ത)

വന്ദനേച്ഛുക്കളെപ്പോലെ
വനിതമാരോടും പോകാം
വിപിനപൊയ്കയിൽ വിഷംകലക്കാം
വേഗം വിധികളെല്ലാം വിഫലമല്ലേ
വഴികൾചൊല്ലാം; വനളവിചെല്ലാം— (ധാർത്ത)

(പന്തുവരാളി)

പദം-27

മാതുല ! നിന്മനമിതു സുവിധേയം
യാതുമഹംയതമാനോ നൂനം
സേനയൊരുക്കിവരുത്തുകവിരവിൽ
സേനാനീ വരരേ !

(സാരംഗം–ചെമ്പട)

ശ്ലോകം–17

സമ്മന്ത്ര്യൈവം വനാന്തം സഖലു ഖലമതിഃ
കൗരവസ്തേ പ്രത്യചക്രേ
ദുർമ്മന്ത്രം സ്വപ്രഭുത്വ പ്രകടനപടുഭി-
ർഘോടകേഭേന്ദ്ര സംഘൈഃ
ആഹൂതോƒയംവിലോക്യ ത്രിദശപതിമഥോ
ചിത്രസേനസ്സുസേനോ
ഹൂഹൂനാഥോ ദുരീഹാചരണ മസഹനം
വൈണികോവാചവാണീം–

പദം-28

ചിത്രസേനൻ:–വാസവ ! വലവിജയിന് ! ഭവത്പദ-
വാരിജമവലംബേ
ദാസനായിട്ടുമെന്നാലേവൻ
ശാസയിതവ്യനരുൾ ചെയ്യേണം— (വാസവ)

സുമതേ ! വദ, വിമതേന തു
കിമുതേ കൃതമഹിതമ് ?
ഏവനതെന്നുമവനെ ഇന്നു വിരവൊടു
ചെന്നുവെന്നുപോന്നിടുവനഹമരമ്— (വാസവ)

പദം-29

ഇന്ദ്രൻ:–ധൃതരാഷ്ട്രജധിക്കൃതി കാൺകിഹ
ചതിചെയ്‌വതുചിതമോ
ശിതശരങ്ങൾ ചൊരികപോയി
യുധികൃതബന്ധനം സബന്ധുമിഹാനയ ജവാത്
ചിത്രസേന ! ശീഘ്രം ഭൃത്യൈസ്സഹ
തത്രഗച്ഛതു ഭവാന്

(കേദാരഗൗഡം-ചെമ്പട)

ശ്ലോകം-18

പ്രക്ഷുഭ്യ ച്ചതുരണ്ണവീകളകള-
പ്രസ്പർദ്ധിഭേരീരവ-
ക്ഷിപ്തക്ഷോളിത മാംസളൈർഭ്ഭ്രശദിശോ
ജ്യാനിസ്വനൈഃ പൂരയന്
രുന്ധന്നന്ധ നരേന്ദ്രനന്ദനബലം
ഗന്ധർവ്വരാജോരുഷാ
ഗാന്ധാരീതനയം സബാന്ധവമഥോ
ഗർവ്വാന്ധധീരൂചിവാന് !

പദം-30

ഗന്ധർവ്വൻ:-നേക്കെടാ നമ്മോടു പോക്കു സുയോധന !
മൂർഖാധമ ! വാടാ !
കേൾക്കണം നിങ്ങളതി-
നോർക്കണം ശസ്ത്രജാലം
ഓക്കണം ചതിയരെ ഒടുക്കുമഹം.— (നേക്കെടാ)

തിരിഞ്ഞു പാത്ഥരെക്കൊല്ലാൻ
തിരഞ്ഞുവരുന്നവരെ
ചൊരിഞ്ഞു ശരം ഞാൻ ശിരസ്സരിഞ്ഞീടുവേൻ
പിരിഞ്ഞുപെണ്ണുങ്ങളെല്ലാം
കരഞ്ഞുപോകണംന്നൂനം
എരിഞ്ഞ ശോകമോടിതു മറിഞ്ഞതില്ല— (നേക്കെടാ)

എനിക്കു നിൻവാക്കുകേട്ടു
മനക്കുരുന്നതിൽപരം
കനക്കും കോപംവരുന്നു, നിനയ്ക്ക നീയും
കനക്കേടു വന്നുകൂട്ടം, തനിക്കെന്നിതോർത്തുമെല്ലെ
ജനിക്കും ഭയമോടങ്ങു ഗമിക്കനല്ലൂ— (നേക്കെടാ

പദം-31

ദുര്യോധനൻ:—വരിക നീ വൈണിക, വിരവോടുരണഭുവി
വിരുതുകളോടുകൂടെ
വലിപ്പം നടിച്ചുകൊണ്ടു പലപ്പൊഴും നടപ്പതു
നിലപ്പാനിട വന്നിപ്പോൾ

ഗന്ധർവൻ:—ധരിപ്പിൻ നിങ്ങൾ ഹരിത്പതി ദാസനിന്നു
നിരപ്പിലയച്ചീടുവൻ നരപ്പുഴക്കളെ
യമനിരിപ്പിടത്തിൽ— (വരിക)

ദുര്യോധനൻ:–എടുത്തുവീണയിൽ ഗുണംതൊടുത്തു പാടുന്നപോലെ
പടുത്വം നടിച്ചു വന്നിതടുത്തതഹോ !
ജഡത്വമേറുന്ന നിൻെറ ഭടത്വമോടങ്ങുമിങ്ങും
കടുത്ത ശരനിരകൾ തടുത്തീടാമോ ?— (വരിക)

(ധനാശി-അടന്ത)

ശ്ലോകം-19

സമരഭുവി നിബദ്ധം സാനുജം കൌരവേന്ദ്രം
സമമപി ച സഹായൈർ ഗായകൈഃഖേ സുരാണാമ്
നയതി വിയതി തേഷാം വീക്ഷ്യ നാര്യോരുദന്ത്യോ
നയന ജലചിതാങ്ഗ്യോ ധർമ്മജം പ്രോചുരേത്യ-

പദം-32

ദേവര ! പാഹി ഞങ്ങളെ ദേവരാജ തുല്യ !
ദേവനത്തിനാലേ നരദേവ ! വനേ വാണീടുന്ന— (ദേവര)

കാരുണ്യവാരിധേ ! കേൾക്ക
കാര്യമിഹ വന്നതിൻെറ.
കൌരവന്മാർ നിന്നെ കണ്ടു
കൈവശമാക്കാൻവരും വിധൌ

കാന്താര സരണ്ണിതന്നിൽ
കാന്തന്മാരോടെതിർത്തൊരു
ഗന്ധർവൻ ബന്ധുക്കളോടും
ബന്ധിച്ചുംകൊണ്ടുപോയഹോ !— (ദേവര)

എങ്ങനെ മംഗലസൂത്രം
ഞങ്ങളിനി ധരിച്ചീടും
അങ്ങനെ തുണയ്ക്കു ഭവാൻ
മംഗലാംഗ കൈതൊഴുന്നേൻ— (ദേവര)

(അഠാണ-ചെമ്പട)

പദം-33

സങ്കടമരുതു വോ മങ്കമാരേ !
എങ്കല്‍ പരഭാവമേവമിതെന്തേ ? (സങ്കട)

സായകം ചൊരിഞ്ഞു സുര-
ഗായകരെവെന്നു കുരു-
നായകരെകൊണ്ടു പോരു-
മായതാക്ഷികൾക്കുതരും- — (സങ്കട)

ദനുജശതം ഹനിക്കു-
മനുജന്മാരൊണ്ടെനിക്കു
മനുജവരന്മാരൊക്കെ
വനജാക്ഷികളിതോർക്ക- — (സങ്കട)

വത്സ ! വാസവ ! ചെന്നു
മത്സരികളെ വെന്നു
ഉത്സുഹ ശോകമിവർക്കു-
ത്സാരണം ചെയ്ക നീ
ആശ്രുഗതനയനോടാശ്രുപോക- — (സങ്കട)

(മധ്യമാവതി-ചെമ്പട)

ശ്ലോകം--20

ഉദാരനൃപഭാഷിതം നിശമയന്‌സ ഭീമസ്തതോ
വിദാരിത ഹൃദാരുഷാഽരുണവിലോചനോമാരുതിഃ
മദാന്ധരിപുസഞ്ചയപ്രചുരഗർവസർവങ്കഷോ
പദോന്നതിപുരസ്സരം നൃപവദദഗ്രജംവ്യഗ്രധീഃ !

പദം-34

അഗ്രജ ! തവ കാരുണ്യമെന്തിഹ
ഉഗ്രരാ മരികളിൽ
നിഗ്രഹത്തിനനുവാദമിദം മമ
ദുർഗ്രഹാശയ ! തരേണം സപദി
അഗ്രജ ! ബാല്യകാല മടിയനു ഗരളം
പരിചൊട്ടു തന്നില്ലേ?
ദൃഢവല്ലികൊണ്ടുകെട്ടിവരിഞ്ഞഥ
ഗംഗയിലിട്ടില്ലേ?
കില്ലിതിന്നു ദന്ദശൂകനികരെ-
ജ്ജാതു കടിപ്പിച്ചില്ലേ?
മാം കൊല്ലുവാൻ പലതുമേവം ചെയ്തിതു
ഹൃദി തവ നിനവില്ലേ? മഹാത്മന് !— (അഗ്രജ)

ദുഷ്ടമതികൾ ജതുഭവനേഽസ്മാന്
ചുട്ടുകരിച്ചില്ലേ? അവരിഷ്ടർകൂടി
കൈതവദേവനമമ്പൊടുചെയ്തില്ലേ?
കഷ്ടമന്നു പാർഷതിതന്നുടെ
പുടകയഴിച്ചില്ലേ?—സർവ-
വിഷ്ടപേഷു വിശ്രുത മീവക-
യൊട്ടുമഹം മറന്നില്ലേ പുരാകൃതം — (അഗ്രജ)

ധൂർത്തരായ ധാർത്ത രാഷ്ട്രർ
വനഭുവി കപടവധത്തിനായ്-ഏദി
പാർത്തുവന്നമൂർഖർ-ബന്ധനം
ബത ചെയ്തതു നന്നായി
തീർത്തു കൊൾകവതിന്നു യത്ന-
മമ്പൊടു ചെയ്യുന്നെന്തിനായ്
വയമത്ര സ്വസ്ഥചിത്തരായ് വസിക്കകി-
ലരികളെ വെന്നതായി നമുക്ക്- — (അഗ്രജ)

(അഠാണ)

പദം-35

ധർമ്മപുത്രൻ—തരുണീജനങ്ങളെല്ലാം
ശരണാഗതകളല്ലേ?
കരുണ നിനക്കതെല്ലും
കരളിലനുജാ-ഇല്ലേ?
ആശുഗസുത! നീയു-മാർത്തുപോക.

(ആഹരി-ചെമ്പട)

ശ്ലോകം-21

ലബ്ധാജ്ഞസ്സധനഞ്ജയോദ്ധൃതധനു-
ഷ്ടംകാരദൂരീകൃതാ-
ഹങ്കാരാരിചമൂചമൂരുനികര-
ദീപീന്ദ്രദോർവിക്രമഃ
ഉച്ചൈരുദ്ധത ദിവ്യശായകപതിം
സദ്യോ ജുഹാവാഹിതം
ക്രുദ്ധോദ്യദ് ഭ്രുകുടീകുടീരനിടിലോ
യുദ്ധായ ബദ്ധോദ്യമഃ !

KOTTAYAM PUBLIC LIBRARY KOTTAYAM.

പദം—36

കുശീലവ ! രേ ! വാടാ ! കുശീലവ ! രേ!
കുശീല ! നിന്നുടെ കൗശലമെല്ലാം
കുത്സര ! കീശധ്വജനുടെ മുമ്പിൽ
കൃശാനുവിങ്കൽ ശലഭംപോലെ
കൃശീഭവിക്കും കരുതുക രേ ! രേ! — (കുശീലവ)

കുരുപ്രവരരെ ഹരിച്ചതാരെടാ !
ശരപ്രയോഗം ചെയ്യെടാ മൂഢാ !
കരിപ്രഭുത്വം ശീഘ്രംപോയാൽ
ഹരിപ്രവീരനയച്ചിടുമോ?- — (കുശീലവ)

വരൂഥിനിയൊടു നേരിടുകെന്നുടെ
വിരോചനാത്മജപുരത്തിലയപ്പൻ
വരാക ! വീണാഗാനമതല്ല
വരാംഗഭേദം; വരിക നീ വിരവൊടു — (കുശീലവ)

(കേദാരഗൗഡം—ചെമ്പട)

ശ്ലോകം—22

സവല്ഗു ഹൃദയോ രുഷാ സപദിഫല്ഗുനോദീരിതം
നിശമ്യ നിജസേനയാ സ മുപഗമ്യ തസ്യാന്തികമ്
സഭീമ മമിതൗജസം ലഘു വാധ്വജസോനന്ദനം
വിചിത്രവചനം വദന്നിതിച ചിത്രസേനോഽഭ്യഗാത് ।

പദം—37

ഗന്ധർവൻ—പാണ്ഡുപോതക ! രണതാണ്ഡവമാടുവാൻ
പണ്ഡിതനെങ്കിൽ വാ നീ.
പൊണ്ണാ ! പൊരുവതിനു
കുണ്ഡ ! നിന്നെ ഭുജദണ്ഡമിന്നു മമ
ദണ്ഡപാണി നിവസിക്കും പുരമയയ്ക്കും.—(പാണ്ഡു)

അജ്ജുനൻ—ഖാണ്ഡവം കരിച്ചോരു ഗാണ്ഡീവധന്വാവിനെ
കാണ്ഡമെയ്തഥ വിശീർണ്ണനാക്കുമൊരു
ശൌണ്ഡനാരു? ഗന്ധർവ ! വിപുലഗർവ !
വപുഷിഖർവ ! വിദിത പൂർവ !
നാണം വെടിഞ്ഞു നീയൊ-
രാണെങ്കിൽ നില്ല നേരെ-

ഗന്ധവ്വൻ—"ഹാ ഹാ" ബലാധിപൻ ഞാൻ
"ഹൂ ഹൂ" സമേതനെന്നോ-
ടാഹവത്തിനൊരു ബാഹുജന്നുമതി-
മോഹമിന്നു ഫലിയാ,
വലിയകൊതിയാ !
കണകൾ സഹിയാഞ്ഞുഴലുമനയ !— (പാണ്ഡു)

അജ്ജുനൻ—വീണവായിച്ചും വരവാണികളോടൊന്നിച്ചും
വാണിട്ട വിട ! വൈണികാധമ ! നീ
കേണീടും കണകളേററ, സമരം തോററ
മനസ്സിലേററം വ്യഥകൾ പററം
നാണം വെടിഞ്ഞു നീയൊ-
രാണെങ്കിൽ നില്ല നേരെ

ശ്ലോകം-23

സവ്യസാചിശരസവ്യഥസ്സദനദിവ്യഗായകപതിസ്സദാ
ഹവ്യവാഹവരഭാവ്യഭവ്യകമമും വിഭാവ്യപരിസാന്ത്വയൻ
ധാത്തരാഷ്ട്രമധികാത്തമസ്യചവിതീര്യധൂത്തജനമിത്രകം
പാത്ഥകൃത്യമഭിനന്ദ്യകീത്തിതനിജപ്രവൃത്തിരഗമദ്ദിവമ് ॥

(ധനാശി-അടന്ത)

ശ്ലോകം-24

തദനുകണ്ണമുവാചസുയോധന-
സ്സദനചിന്ത്യ രണാഹിതബന്ധനമ്
വിജയിനോ വിജയസ്യ ച വിക്രമം
രഹസി സാഹസകമ്മസഹായിനമ് ।

പദം-38

വിധിമതമേവമോ? ഹാ ! കഷ്ടമിന്നു
നിധനമിതോ പരം മേ
കരിപുരിതന്നിൽ നിന്നു
വെറുതേ ഞാൻ പോന്നുവന്നു
പരഗന്ധർവനോടൊന്നു
പൊരുതു തോററതുമന്നു്— (വിധി)
അതുമല്ലോക്കിലേററം
ദുസ്സഹം പാണ്ഡുസുതക്കുഭവിച്ചൊരുററം
മതിമാന്മാരിതുകേൾക്കും;
അതുപൊഴുതു നിന്ദിക്കും;
അതിതാപം പിതൃക്കൾക്കും
അതിനാലിന്നുഭവിക്കും — (വിധി)
കണ്ണ ! നിൻ മൊഴികൾ കേട്ടു
വിപിനേ വന്നു ദണ്ഡങ്ങൾ പലതും പെട്ടു
"ചണ്ഡവിക്രമാൽ ചൊല്ലാം
നിർണ്ണയമഹം വെല്ലാം"
ചൊന്നവാക്യമിതെല്ലാം
പൊണ്ണത്തമെന്നുചെല്ലാം — (വിധി)
ധമ്മജനികടെകൊണ്ടുചെല്ലുന്നേരം
തന്മാനിനീ കൃഷ്ണകണ്ടു-
സമ്മോദഭരം പൂണ്ടു-
ശമ്മവാക്യങ്ങൾകൊണ്ടു
മമ്മഭേദനംകണ്ടു-എന്മനം സഹിക്കേണ്ടു — (വിധി)

വൃത്തഭേദം—

ഭീമാനുജസ്സമരഭൂമിം വിഹായ നിജ-
കാമാനവാപ്യ മുദിത-
സ്സീമാവിഹീനസമസാമാജികൈസ്സദനു
സോമാന്വവായഹതകമ്
ഉഗ്രം സുയോധന മുദഗ്രാന്തരാപഹൃദ-
മഗ്രേ വിധായകുമതിം
വ്യഗ്രാവിനമ്ര മഥ ജഗ്രാഹവൈചരണ-
മഗ്രേഭവസ്യ സഹസാ ॥

ദർവീകരധ്വജമഥോർവീപതി
രഹിതഗർവം സുവിസ്മയമനാ-
നിർവേദഭാജമഥ നിർവൈരകസ്സപദി
സർവാൻ്സഹായനിവഹാൻ്
ഗന്ധർവരാജകൃതബന്ധാൻ്വിലോക്യസത്തു
ഗാന്ധാരഭൂപതിമുഖാൻ്
ജാതവ്യഥാൻ്ശമനജാതസ്തുസസ്മിതമ
ജാതാരിരേവമവദത് ||

(ബലഹരി–ചെമ്പട)

പദം-39

കഥയമഹികേതന ! കഷ്ടമായാതം
കഥയകിമുകാരണമിദമുദിതം? — (കഥം)
അനുജരുമനവധിമനുജരും നീയും
വനഭുവിവാനവഹീനരോടേററു
പരാജിതനെന്നല്ല, പരമഹികേതോ !
വിരചിതബന്ധനൻ വൈരികളാലേ — (കഥം)
പരിചിത സമരനു പരിഭവം വന്നാൽ
പരിഹസിച്ചീടുമേ പൌരജനങ്ങൾ
ക്ഷിതിപതിക്കീവിധക്ഷതികളെശസ്സിനു
ക്ഷയകരമിനിയിതു ക്ഷമിച്ചാലും നീ — (കഥം)
സഹജരോടൊരുമിച്ചു സഹായരോടുംകൂടി
സഹാംഗനാഭിഃ പോക, സാഹസമരുതേ
സുമംഗലംഭവതു തേ ഭുജംഗമകേതോ !
പുരംഗമിച്ചീടുക, പോരും ഞാൻ, പിന്നെ
ഭജഹൃദികേശവം, ക്ലേശനാശനം ||

[ശുഭം]

(മണലിക്കരമഠത്തിൽ കേശവരു് ശങ്കരനാരായണരു് ഉണ്ടാക്കിയതു്.)

ഘോഷയാത്ര ആട്ടക്കഥ

പദാത്ഥവിവരണം

ശ്ലോകം—1 (സാരം) ധർമ്മപുത്രൻ നകുലസഹദേവന്മാരും ഭീമനുമൊരുമിച്ച്, സഭാര്യനായി തീർത്ഥസ്നാനം നിർവഹിച്ചതിനു ശേഷം ദ്വൈതവനത്തിൽ വന്നു താമസമാക്കി, വനത്തിലുണ്ടായിരുന്ന മുനിമാരെക്കൂടി അനുനയപൂർവ്വം സ്വവസതിക്കടുത്തു പാർപ്പിച്ചു.

പദം—1— സമ്മതദ്വൈതാടവി=സജ്ജനങ്ങളാൽ ആദരിക്കപ്പെടുന്ന (സത്തുക്കൾക്ക് മതമായ) ദ്വൈതവനമെന്നു് താത്പര്യം.

ശ്ലോകം—2 എങ്ങും പൂക്കൾ വിരിഞ്ഞു നിൽക്കുന്ന വസന്തകാലം. അന്നൊരു സായാഹ്നത്തിൽ വസന്തശോഭ കണ്ട് ധർമ്മപുത്രൻ ഉത്തേജിതനായി. അദ്ദേഹം മദനവികാരത്തിനു വഴിപ്പെട്ടു. സർവ്വാഭരണഭൂഷിതയും സർവാംഗസുന്ദരിയുമായ പ്രിയതമയോടു് ഇങ്ങനെ പറഞ്ഞു.

പദം—2— പഞ്ചേഷുദീപനം=കാമോദ്ദീപകം. പഞ്ചമം=കോകിലനാദം. പഞ്ചമീന്ദുഫാലേ! = പഞ്ചമിചന്ദ്രനോടൊത്ത നെററിത്തടമുള്ളവളേ! ചഞ്ചരീകം=വണ്ടു്, വാസന്തികേ ....ഹാസംതേ *f* അനുകരിക്കുന്നു = വസന്തകാലസന്ധ്യയിലെ (വസന്തോചിതമായ) പുഷ്പാദികളുടെ വികാസം നിന്റെ പുഞ്ചിരിയെ അനുകരിക്കുന്നു. രാജീവം=താമര. ദ്വിജരാജൻ=ചന്ദ്രൻ, പക്ഷി (ഹംസം), ബ്രാഹ്മണൻ എന്നീയർത്ഥങ്ങൾ തുല്യമായി യോജിക്കുന്നു. രാജതി ച+ഇദാനീം = ഇപ്പോൾ രാജിക്കുകയും ചെയ്യുന്നു.

പദം—3— സമയമഹേയം=സമയം—അഹാ!—ഇയം എന്നു് ഛേദം. അഹാ+ഇയം=അഹേയം എന്ന സന്ധി കവിസ്വാതന്ത്ര്യം? നിധുവനഗേഹം=രതിഭവനം. വിധേഹി=ചെയ്യാലും.

ശ്ലോക—3 അർജ്ജുനൻ ഇന്ദ്രൻെറ ക്ഷണമനുസരിച്ച് ദേവലോകത്തു ചെന്നു് അസുരന്മാരെയെല്ലാം യുദ്ധത്തിൽ തോല്പിച്ചു് ഇന്ദ്രന്റെ ആശീർവ്വാദവും വാങ്ങി മടങ്ങിയിരിക്കുന്നു. ഇന്ദ്രാണി അർജ്ജുനൻെറ ശിരസ്സിൽ മുകൎന്നനുഗ്രഹിച്ചിരിക്കുകയാണു്. അദ്ദേഹം വന്നപാടേ ധർമ്മപുത്രൻെറ സമീപമെത്തി സാഷ്ടാംഗപ്രണാമം ചെയ്തു.

പദം—4— ഇതിമന്യേ = എന്നു ഞാൻ കരുതുന്നു. ഗിരിശം = പരമശിവനെ. അസ്ത്രം = പാശുപതം. പുരന്ദ്രൻ = ഇന്ദ്രൻ. പുരതഃ = മുൻപിനാലെ (പാശുപത ലബ്ധിക്കായി ശിവനെ തപസ്സുചെയ്തതും, കാര്യസിദ്ധി ഉണ്ടായതും ഇന്ദ്രൻെറ ക്ഷണം സ്വീകരിച്ചതും മററും ചുരുക്കിയിരിക്കുന്നു.)

പദം—5— കൃത്തിവാസസം = ശിവനെ. ആശരൻ = രാക്ഷസൻ.

ശ്ലോകം—4 പാണ്ഡവന്മാൎക്കു് ശത്രുക്കൾ അനേകം പ്രയാസങ്ങളുണ്ടാക്കിക്കൊണ്ടിരുന്നതു് നേരിട്ടറിയാമായിരുന്ന ഭഗവാൻ ശ്രീകൃഷ്ണൻ അവരെ സന്ദർശിക്കുവാൻ പുറപ്പെട്ടു. പാണ്ഡവർ ഗുണവാന്മാരെന്നു് ലോകപ്രശസ്തിയാർജ്ജിച്ചവർതന്നെ. അവരെ സന്ദർശിക്കുവാൻ ഒട്ടേറെ ബ്രാഹ്മണർ പുറപ്പെട്ടിരിക്കുന്നു. ബ്രാഹ്മണരോടൊപ്പം ദ്വൈതാടവിയിൽ സമാഗതനായ ഭഗവാനെ ഭക്തിയോടെ നമസ്കരിച്ച പാണ്ഡുസുതന്മാർ ഇങ്ങനെ പറഞ്ഞുതുടങ്ങി.

പദം—6— ഭുവനപാലഭോഗ്യവിഭവേനകിമ്? = രാജാക്കന്മാരനുഭവിക്കേണ്ട ഭോഗ്യവസ്തുക്കളെക്കൊണ്ടു് എന്താണു പ്രയോജനം? ആഹിതൻ = ലഭിച്ചവൻ. സകലുഷമഹീരക്ഷണം = പാപപൂർണ്ണമായ രാജ്യപാലനം. ശകലിതാഘൻ = പാപങ്ങൾ നശിച്ചവൻ. പരിപന്ഥികൾ = ശത്രുക്കൾ. പരിഭ്രുതൻ = പീഡിതൻ (പരാജിതൻ). പുണ്യജനവിരോധിന് = രാക്ഷസന്മാരുടെ ശത്രുവായുള്ളവനേ! പുണ്യജനന്മാർ = രാക്ഷസന്മാർ. പാണ്ഡിത്യം = സാമർത്ഥ്യം.

പദം—7— ശശധരകുലദീപ! = ചന്ദ്രവംശത്തിനു് ദീപമായുള്ളവനേ! ഭവതു = ഭവിക്കട്ടെ. കുരുമനോമയി = എന്നിൽ മനസ്സുറപ്പി

ക്കക. ശുചമിതുവെടിക=ഈ ദുഃഖം ഒഴിവാക്കുക, സോമക ദുഹിതൃജാവര!=കുന്തിയുടെ മക്കളിൽ മൂത്തവനേ! സമരസീമനി=യുദ്ധത്തിൽ. സമയം=കരാറ്. പ്രത്യർത്ഥികാം= ശത്രുക്കാം. പ്രമഥപതി=ശിവൻ. പടുത=സാമർത്ഥ്യം.

ശ്ലോകം—5 യദുപ്രവീരനായ ഭഗവാൻെറ വാക്കുകളാകുന്ന അമൃതം സ്വദിച്ചതിനാൽ യുധിഷ്ഠിരാദികളുടെ മനസ്സിലേറിയിരുന്ന ദുഃഖമാകുന്ന വിഷം വിട്ടുമാറി. അവർ തുലോം സന്തുഷ്ടരായി. അപ്പോാംത്തന്നെ ഭഗവാൻ സ്വധാമത്തിലേക്കു മടങ്ങുകയും ചെയ്തു.

ശ്ലോകം—6 അനന്തരമൊരിക്കൽ സിംഹപരാക്രമിയായ യുധിഷ്ഠിരൻ നായാട്ടിനു പുറപ്പെട്ടു.. വനാന്തരത്തിൽ മൃഗങ്ങളുടെ സഞ്ചാരമാർഗ്ഗം തേടി നടക്കുകയായിരുന്നു അദ്ദേഹം. എന്നാൽ മററൊരിടത്തു് സഞ്ചരിച്ചിരുന്ന ഭീമസേനനെ ഒരു പെരുമ്പാമ്പ് പിടികൂടിക്കഴിഞ്ഞു. അയാാം വാവിട്ടലറിപ്പോയി. എവിടെനിന്നോ വന്ന ഒരു കാട്ടാളൻ നിലവിളി കേട്ട് പാഞ്ഞെത്തി.

പദം—8— വാഹസം=പെരുമ്പാമ്പ്. ഹരിപ്രവരൻ = സിംഹരാജൻ. യൂഥം=കൂട്ടം. ക്ഷുരപ്രനഖർ=കത്തിപോലെ മൂർച്ചയേറിയ നഖമുള്ളവർ.

പദം—9— ഏഹി=വന്നാലും, ദേഹി=ദാനം ചെയ്താലും. ഹതോ*f* സ്മി=ഹനിക്കപ്പെട്ടിരിക്കുന്നു. സോ*f*ഹം = ആ ഞാൻ. കിം കരോമി=എന്തുചെയ്യുന്നു? (ട്ടെ!)

പദം—10— അനുക്തം=പറയാതെതന്നെ. ഉരഗം=സർപ്പം. ദൂനജനം=ദുഃഖിതൻ. അനോകഹാഗ്രേ = മരക്കൊമ്പിന്മേൽ. വനാഹി=വനസർപ്പം.

പദം-11— താമസാഹി=ദുഷ്ടപ്പാമ്പ്. രാമസോദരൻ=ശ്രീകൃഷ്ണൻ.

പദം—12— ആരാവം=നിലവിളി (ശബ്ദം). അരിപ്രമാഥി=ശത്രുക്കളെ മഥിക്കുന്നവൻ.

ശ്ലോകം—7 നഹുഷമഹാരാജനെ ഒരിക്കൽ അഗസ്ത്യമഹർഷി ശപിച്ചു പോൽ, തൻമൂലം അയാറം പെരുമ്പാമ്പായിപ്പോയി. യാദൃച്ഛികമായി വന്നുചേൎന്ന കാട്ടാളൻ അമ്പുകരം വർഷിക്കുക നിമിത്തം അയാറം ശാപമുക്തനായി. (ഇവിടെ കാട്ടാളവേഷത്തിൽ വന്നിരിക്കുന്നതു്, ഭഗവാൻ കൃഷ്ണനാണെന്നു് അനുസന്ധേയം.) നഹുഷൻ തേജസ്സുടയവനായി പാർത്ഥന്മാരെ അനുഗ്രഹിച്ചു. തൻെറ പൂർവ്വചരിത്രം പറഞ്ഞുകേറംപ്പിച്ചു. അനന്തരം സ്വർഗ്ഗം പൂകി. പിന്നീടു് കാട്ടാളൻ ധർമ്മജനെ വന്ദിച്ചു് താഴെക്കാണും പ്രകാരം സ്തുതിച്ചു.

പദം—13— കാൎത്തികേയോപമ!=സുബ്രഹ്മണ്യനെപ്പോലെ പ്രതാപമുടയവനെ!

പദം—14— കൊണ്ടാൻ=പ്രാപിച്ചു. പൊട്ടിച്ചു=ഭേദിച്ചു (കൊന്നു.)

ശ്ലോകം—8 ആ കാട്ടാളനോടു് യാത്ര പറഞ്ഞതിനുശേഷം ധൎമ്മപുത്രൻ സഹോദരന്മാരോടുകൂടി പർണ്ണശാലയിലേയ്ക്കു മടങ്ങി. ശ്രീകൃഷ്ണനെ മനസാ സ്മരിച്ചുകൊണ്ടു് അദ്ദേഹം അവിടെ സസുഖം വസിച്ചു.

ശ്ലോകം—9 പിന്നൊരിക്കൽ കുന്തീതനയന്മാർ മൃഗയാകുതുകികളായി കാട്ടിൽ സഞ്ചരിക്കുകയായിരുന്നു. സിന്ധുരാജനായ ജയദ്രഥനും വേട്ടയ്ക്കായി ദ്വൈതവനത്തിലെത്തിയിരുന്നു. അയാറം മൃഗയാപരിശ്രമത്തിനിടയിൽ ധൎമ്മജൻെറ പർണ്ണശാലയ്ക്കു സമീപം വന്നുചേൎന്നു. അവിടെ ഏകാകിനിയായിക്കഴിഞ്ഞിരുന്ന പാഞ്ചാലിയെക്കണ്ടപ്പോറം രാജാവിൻെറ ചിത്തം ചലിച്ചു. അയാറം മന്ത്രിയോടു് ഇവളാരെന്നും എങ്ങനെയെന്നുമെല്ലാം ആവേശപൂർവ്വം അന്വേഷിച്ചു.

പദം—15— കാന്ത = സുന്ദരി. അലം = പോരും (മതിയാകും). അഥോ=അനന്തരം. സാധയാമി = സാധിക്കുന്നു (സാധിക്കട്ടെ!).

ശ്ലോകം—10 ജയദ്രഥൻ തൻെറ വലിയ തേരിൽനിന്നു് താഴെയിറങ്ങി. പാഞ്ചാലിയെ സമീപിച്ചു. വരും വരായ്മകളെ കുറിച്ചു് അശേഷം ചിന്തിക്കാതെയാണു് ദുരാഗ്രഹിയായ

അവൻ പ്രവർത്തിച്ചതു്. പാതിവ്രത്യബലംകൊണ്ടു് ദുരാസദയായ അവളെ ബലമായി ഗ്രഹിക്കുന്നതിനാണു് ഭാവം. യാഗശാലയിൽ ദേവന്മാക്കുവേണ്ടി സമർപ്പിക്കുന്ന ബലിയെ ശ്വാനൻ തട്ടിക്കൊണ്ടുപോകാൻ ശ്രമിക്കുന്നതു പോലെയാണു് അയാൾ ചെയ്യാൻ പോകുന്ന കൃത്യവും.

ശ്ലോകം—11 ജയദ്രഥൻ ദ്രുപദപുത്രിയെ ബലമായി അപഹരിച്ചു, വനാന്തരത്തിൽ അന്യശരണമില്ലാത്ത അവൾ ആ നരാധമനോടു് ഇങ്ങനെ പറഞ്ഞു. (മാന്യനാരിയായ അവൾ ക്രൂരവൃത്തിയായ അവനോടു് പറഞ്ഞ വാക്കുകളാണടുത്ത വരികളിൽ) ''സാ മാന്യനാരീ'' എന്നും ''സാമ + അന്യഭാവേന'' എന്നും വിഭജിച്ചു് അർത്ഥം ഗ്രഹിക്കണം.

പദം—18 സ്പൃഹ=വാഞ്ഛ (കൊതി) ''നിൻെറ ഭീഷണികൾ'' എന്നു് അന്വയിക്കണം. അവനിജ=സീത. ദുശ്ശള=കൌരവരുടെ ഏകസഹോദരിയുടെ പേരു്. (ജയദ്രഥൻെറ പത്നിയാണവൾ) പ്രഥനക്കരുത്തു്=വൻപു പറയാനുള്ള ശേഷി.

ദണ്ഡകം— നിരസ്യ=ധിക്കരിച്ചിട്ടു്. മുഹുരപി=പിന്നെയും. തനു=ശരീരം. വിധൃതം=ധരിക്കപ്പെട്ടതു്.

ശ്ലോകം—12 പാഞ്ചാലിയാകട്ടെ കുനിഞ്ഞിരുന്നു കരഞ്ഞുപോയി. അവൾ കൃഷ്ണനെത്തന്നെ സ്മരിച്ചു. ആ രാജാധമനാൽ അപമാനിതയായ അവൾ പാർത്ഥന്മാരുടെ രക്ഷയ്ക്കുവേണ്ടി മനസാ ഭഗവാനോടു് ഇങ്ങനെ പ്രാർത്ഥിച്ചു.

പദം—19 വിപദം=ആപത്തിനെ, സമിതി=സഭ (ദുര്യോധനസഭ) സമവർത്തി=കാലൻ. വ്രജിനം=പാപം. അജനി വിഫലാ=വിഫലമായിച്ചമഞ്ഞു. മൂർധ്നി=ശിരസ്സിൽ അജൻ=ബ്രഹ്മാവു്. അജിത!=ആരാലും ജയിക്കപ്പെടാത്തവനെ!

ശ്ലോകം—13 ധർമ്മജനാകട്ടെ യാജ്ഞസേനിയുടെ വിലാപം ശ്രവിച്ചു. ശബ്ദംകൊണ്ടുതന്നെ തിരിച്ചറിയുകയാൽ അർജ്ജുനനോടും ഭീമനോടും ശത്രുക്കളെച്ചെന്നു തുരത്തുവാനാജ്ഞാപിച്ചു.

അവർ രണ്ടുപേരും വലിയ പടയൊരുക്കം കൂട്ടിയവരെന്ന വണ്ണം വളരെ വേഗത്തിൽ അവിടെയെത്തി. കോപാവിഷ്ട രായി രാജാധമനായ ജയദ്രഥനോട് ഇങ്ങനെ പറഞ്ഞു. (അർജ്ജുനനും ജയദ്രഥനുമായുള്ള വിവാദമാണ് അടുത്തപദം)

പദം—20 വികത്ഥനം=ജല്പനം. നരഹരി=നരസിഹം. അസി= വാള്. ദാരചോര!=ഭാര്യാമോഷക!

ശ്ലോകം—14 യുദ്ധത്തിൽ ജയദ്രഥൻ തോററു. അയാളുടെ കുടുമ്മ മുറിക്ക പ്പെട്ടു. ധർമ്മജൻെറ ആദേശമനുസരിച്ച് ഭീമസേനൻ അയാളെ ''പൊയ്ക്കോ'' എന്നു പറഞ്ഞ് യാത്രയാക്കി. അവർ പത്നീ സമേതം വസതിയിലേക്കും, സിന്ധുരാജൻ ശരീരശേഷി നഷ്ടപ്പെട്ടവനായി ''ഇനി തപസ്സുതന്നെ നല്ല''തെന്നു കരുതി വനാന്തരത്തിലേക്കും മടങ്ങി.

ശ്ലോകം—15 ഒരു രാത്രിയിൽ ചന്ദ്രോദയത്തോടുകൂടി രാഗോന്മേഷം വളൎന്ന ദുര്യോധനനാകട്ടെ ആരാമത്തിൽ നിൽക്കുകയായി രുന്നു. കാമോദ്ദീപകമായിരുന്നു ആ വേള. താരാവലീശോ ഭിതയായ രാത്രിയെപ്പോലെ ശോഭിച്ചിരുന്ന താരാവലി യെയും, താരാവലീചമത്കൃതയായ ശ്യാമരാത്രിയേയും വീക്ഷിച്ചിട്ട് ഉദ്വേഗംപൂണ്ട ആ രാജാവ് പട്ടമഹിഷിയോടു പറഞ്ഞു. (താരാവലിയെന്നാണ് രാജ്ഞിയുടെ പേര്.)

പദം—21 വൻകരി=വലിയ ആന. പങ്കജനി=താമരപ്പൊയ്ക. കിന്നു? (ഉത്പ്രേക്ഷാർത്ഥത്തിലുള്ള ഒരവ്യയം—കിം+നു.) കേകി=മയിൽ. ശംഭളി=സുന്ദരി.

പദം—22 വാചം=വാക്കിനെ. അഭിരമ്യ=അഭിരമിച്ചിട്ട്. സമ്മദം=സന്തോഷം. മാകന്ദം=തേന്മാവ്. കോകി=ചക്ര വാകപ്പേട. പാകം=അനുകൂലഭാവം. അംഗജനി=കാമൻ. അംഗാരസമബാണം=തീപോലെയുള്ള അമ്പ്.

ശ്ലോകം—16 ഒരു നാരം സുയോധന മഹാരാജാവ് ആസ്ഥാനസഭയി ലെത്തിയപ്പോരം പാണ്ഡവന്മാരെ അനുഗമിച്ചിരുന്നവരും വനത്തിൽനിന്ന് തിരിച്ചെത്തിയവരുമായ ഏതാനും വൃദ്ധ

ബ്രാഹ്മണരെ അവിടെക്കണ്ടു. അവർ സന്തോഷപൂർവ്വം പാർത്ഥ വൃത്താന്തങ്ങൾ സംസാരിക്കുകയായിരുന്നു. (ബ്രാഹ്മണരുടെ സങ്കീർത്തന പ്രകാരമാണ് അടുത്തപദം)

പദം—23 നതനിർജ്ജരപാദകശേശയം=ദേവന്മാർ നമസ്കരിക്കുന്ന പാദപത്മങ്ങളോടുകൂടിയ ഈശം=ഈശ്വരനെ. നീരദം=മേഘം. നിഭം=തുല്യം. ശംഖഗദാബ്ജരഥാങ്ഗം=ശംഖം. ഗദ, അബ്ജം (താമരപ്പൂവ്), രഥാംഗം (ചക്രം) ഇവ ധരിച്ചിട്ടുള്ളവൻ. നാഗ....താങ്ഗം=ഗരുഡ വാഹനനായുള്ളവനെ—നാരദ.....ഷങ്ഗം=നാരദ മഹർഷിയുടെ മനസ്സിന് ഇരിപ്പിടമായവൻ (ഭക്തന്മാരിൽ വാത്സല്യമുള്ളവനെന്നു ഭാവം) ഇത്രയും വിഷ്ണുസ്തവമാണ്. അടുത്ത്=ശിവനെ സ്തുതിക്കുന്നു. (ശിവസ്തുതിദുര്യോധനനെ സന്തോഷിപ്പിക്കുന്നതിനാണ്. പാണ്ഡവർ വൈഷ്ണവരും കൌരവർ ശൈവരുമാണെന്നോർക്കണം)

ഉരഗത്തെ (പാമ്പിനെ) വിഭൂഷയാക്കിയിട്ടുള്ളവനും ബാലചന്ദ്രനെ ശിരസ്സിലണിഞ്ഞിരിക്കുന്നവനും, ഗൌരാംഗനും, ഉദാരവേഷനും, പാർവ്വതീഹൃദയം ആകർഷിച്ചിരിക്കുന്നവനും അർദ്ധനാരീശ്വരനുമായ ശിവനെ ഞങ്ങൾ വന്ദിക്കുന്നുവെന്നാശയം. പാണ്ഡിത്യഹാനി=സാമർത്ഥ്യത്തിനു് തരക്കേട്.

പദം—24 പുരിയിലാഗ്രഹം=പുരിയിൽ വരാനുള്ള ആഗ്രഹം. വദത=പറയുവിൻ. മുദിതർ=സന്തുഷ്ടർ. വേദിയന്മാർ=വൈദിക ബ്രാഹ്മണർ. പൂതം=പവിത്രം. ജാതം=ജനിച്ചതു്. പേരിതം=അരയ്ക്കപ്പെട്ടതു്. വേദം മുഴുവൻ അരച്ചു കലക്കിക്കുടിച്ചവരാണ് ബ്രാഹ്മണരെന്ന് ഉദ്ദിഷ്ടാർത്ഥം മാദൃശോ.....പതിഃ=എന്നെപ്പോലെ മറ്റൊരു രാജാവില്ല. ഉദന്തം=വൃത്താന്തം. കരുമത്ത്=കരിയുന്നതു്.

പദം—25 കൈരവ...... മണേ!=ചന്ദ്രവംശത്തിന് അലങ്കാരമായുള്ളവനേ! സ്വസ്തി=മംഗളം. വിസ്തരിക്കുക=വർണ്ണിക്കുക. ഭുക്തി=ശാപ്പാട്. സ്ഥേമാവ്=മഹത്വം. ഹേമാദ്രി=മഹാമേരു. ഹേമാദ്രിപോലവേ പോകുമ്പോൾ ഭൂമി കലുങ്ങീടുമെ

ന്നന്വയം. ധമ്മതഃ=ധമ്മാനസാരേണ. വൃത്തം=വൃത്താന്തം. (ഈ പദത്തിലുള്ള വ്യംഗ്യഭാവങ്ങരം ബ്രാഹ്മണർക്ക് ദുര്യോധനനോടുള്ള അവജ്ഞ വെളിപ്പെടുത്തുന്നുണ്ട്.)

പദം—26 പ്രതിബന്ധിക്കുക=തടഞ്ഞുവയ്ക്കുക. കിന്തു സുഖം? സുഖം തന്നെയോ?

പദം—27 ധൂത്തത=ചതിവു് (വഞ്ചന), വന്ദനേച്ഛുക്കരം= വന്ദിക്കാനാഗ്രഹമുള്ളവർ.

പദം—28 സുവിധേയം=വഴിപോലെ ചെയ്യത്തക്കതു. യാതും= പോകുന്നതിനു്. യതമാനഃ=യത്നിക്കുന്നവൻ. നൂനം= നിശ്ചയമായും.

ശ്ലോകം—17 സഭാഭവനത്തിൽവച്ചു് ഇപ്രകാരം കൂടിയാലോചന നടന്നു. ദുർബുദ്ധിയായ ദുര്യോധനൻ സ്വപ്രഭുത്വം തെളിയിക്കുവാൻ വിരുതന്മാരായ കുതിരപ്പടയുടെയും ആനപ്പടയുടെയും നായകന്മാരുമായി ഗൂഢാലോചന നടത്തി. (വന ഗമനത്തിനുവേണ്ട എല്ലാ ഒരുക്കങ്ങളും പൂത്തിയാക്കി) അതിനിടയിൽ ഇന്ദ്രൻ മറെറാരു കാര്യം ചെയ്തു. ചിത്രസേനനെന്ന ഗന്ധവ്വനെ ക്ഷണിച്ചുവരുത്തി. ഹാ ഹാ, ഹൂ ഹൂ മുതലായവരുടെ രാജാവാണു് ചിത്രസേനൻ. ദുര്യോധനൻെറ ഈ ദുരുദ്ദേശം മനസ്സിലാക്കി അതു സഹിക്കാനാകാതെ വിഷമിക്കുന്ന മഹേന്ദ്രൻെറ സമീപമെത്തിയിട്ടു് ഗന്ധവ്വരാജൻ പറയാൻ തുടങ്ങി.

പദം—29 വാസവൻ=ഇന്ദ്രൻ. വലവിജയിന്=വലാസുരനെ ജയിച്ചവനെ! അവലംബേ!=ഞാൻ ആശ്രയിക്കുന്നു. ശാസയിതവ്യൻ=ശിക്ഷിക്കപ്പെടേണ്ടവൻ. (ഞാൻ ആരെ ശിക്ഷിക്കണമെന്നാശയം) വദ=പറഞ്ഞാലും. വിമതേന=ശത്രുവിനാൽ. കിമു.....മഹിതമ്=ശത്രു അങ്ങേയ്ക്കു് എന്തെങ്കിലും അഹിതം ചെയ്തിട്ടുണ്ടോ? അരം=വേഗത്തിൽ.

പദം—30 ധൃതരാഷ്ട്രജൻ=ദുര്യോധനൻ. ധിക്കൃതി=ധിക്കാരം. ചിതം=ഉചിതം. യുധി=യുദ്ധത്തിൽ. കൃത.....ജവാത്=

യുദ്ധത്തിൽ ബന്ധുസഹിതം പിടിച്ചുകെട്ടി ഇവിടെ കൊണ്ടു വരിക. ഗഛതു=ഗമിച്ചാലും.

ശ്ലോകം—18 നാലുകടലും ഒന്നിച്ചു ചേർന്നാലുണ്ടാകാവുന്നവിധം ഗംഭീരമായ മുഴക്കത്തിൽ പെരുമ്പറയടിപ്പിച്ചും ഞാണൊലി കൊണ്ടു ദിഗന്തങ്ങളെ ഭേദിപ്പിച്ചും കൊണ്ടു് ഗന്ധർവരാജനായ ചിത്രസേനൻ ദുര്യോധന ബലത്തെ നേരിടുവാൻ ബദ്ധപരികരനായി പുറപ്പെട്ടു. അയാൾ കോപിഷ്ടനായി ദുര്യോധനനെയും സൈന്യത്തെയും തടഞ്ഞുനിത്തി. അഭിമാനവിജൃംഭിതനായ അയാൾ സുയോധനനോടു് ഇപ്രകാരം പറഞ്ഞു.

പദം—32 വൈണികൻ=ഗന്ധർവൻ (വീണവായിക്കുന്നവൻ.) ഹരിത്പതിദാസൻ=ഇന്ദ്രന്റെ സേവകൻ.

ശ്ലോകം—19 യുദ്ധഭൂമിയിൽ ദുര്യോധനനും അനുജന്മാരും ഗന്ധർവന്മാരാൽ ബന്ധിക്കപ്പെട്ടു. അവരെയും വഹിച്ചുകൊണ്ടു് ഗന്ധർവ്സേന ആകാശത്തിലേക്കുയന്നതു കണ്ടപ്പോൾ കൗരവസ്ത്രീകൾ കണ്ണീരൊഴുക്കി വാവിട്ടു കരഞ്ഞുകൊണ്ടു് ധർമ്മജന്റെ സമീപത്തു ചെന്നു.

പദം—33 ദേവനം=കളി. സരണി=വഴി. മംഗലസൂത്രം=താലിച്ചരടു്.

പദം—34 വഃ=നിങ്ങൾക്കു്. അപരഭാവം=അന്യനെന്നമട്ടു്. വാസവൻ=ഇന്ദ്രൻ (ഇവിടെ ഇന്ദ്രപുത്രനായതുകൊണ്ടു് അർജ്ജുനനെയും വാസവനെന്നു കല്പിക്കുന്നു.) ആത്മാ വൈ പുത്രനാമാƒസി''എന്നുണ്ടല്ലോ.) ഉത്സാരണം ചെയ്ക=ഇല്ലാതാക്കുക (ഒഴിവാക്കുക) ആശുഗതനയൻ=വായുപുത്രൻ (ഭീമസേനൻ)

ശ്ലോക.—20 ധർമ്മപുത്രൻ പ്രകൃത്യാ ഉദാരനാണല്ലോ. അദ്ദേഹത്തിന്റെ വാക്കുകൾ കേട്ടിട്ടു് ഭീമനു് തീരെ സഹിച്ചില്ല. കോപാകുലമായിരുന്നു അയാളുടെ ഹൃദയം. കണ്ണുകൾ ചുവന്നിരുന്നു. മദാന്ധന്മാരായ ശത്രുക്കളുടെ ഗവ്ം മുഴവനും ശമിപ്പിക്കണമെന്നാണു് ഭീമന്റെ വാദം. അയാൾ ഒട്ടൊന്നു്

സ്വയമൊതുങ്ങി ജ്യേഷ്ഠൻെറ പാദങ്ങളിൽ വണങ്ങിയിട്ട് ഇപ്രകാരം പറഞ്ഞു.

പദം—35 ഗരളം=വിഷം. ദന്ദശൂകം=പാമ്പ്. നികരൈഃ=കൂട്ടം കൊണ്ട്. ജാതു=ഒരിക്കൽ. കൈതവദേവനം=കള്ളച്ചൂതു്. പാഷ്തി=പാഞ്ചാലി. വിഷ്ടപേഷു=ലോകങ്ങളിൽ. പുരാകൃതം=പഴയപ്രവൃത്തി. കൊാംവതിനു്=വീണ്ടെടുക്കുന്നതിനു്.

ശ്ലോകം—21 ജ്യേഷ്ഠൻെറ അനുവാദം ലഭിച്ചയുടനെ ധനഞ്ജയൻ വില്ലുമെടുത്തു പുറപ്പെട്ടു. ഞാണൊലികൊണ്ടുതന്നെ ശത്രുസമൂഹത്തിൻെറ അഹങ്കാരം കുറച്ചുകൊണ്ട് അയാാം ഗന്ധർവ്വരാജനെ പോരിനു വിളിച്ചു. ക്രോധംനിമിത്തം അയാളുടെ പുരികക്കൊടികാം തീവ്രമായി വക്രിച്ചിരുന്നു.

പദം—37 കുശീലവൻ=ഗായകൻ. കുശീലൻ=ദുഃസ്വഭാവി. കീശധ്വജൻ=അർജ്ജുനൻ, (കുരങ്ങ്, ഹനുമാൻ, കൊടിയടയാളമുള്ളവൻ). കൃശാനു=അഗ്നി. കരിപ്രഭൃതം=ആനക്കൂട്ടം. ഹരി=സിംഹം. വരൂഥിനി=സേന, വരാകൻ=നീചൻ (ദുഷ്ടൻ) വരാംഗഭേദം=യുദ്ധകൗശലം.

ശ്ലോകം—22 വക്രബുദ്ധിയായ ചിത്രസേനൻ അർജ്ജുനൻെറ വെല്ലുവിളി കേട്ട് രോഷാകുലനായി തൻെറ സൈന്യത്തെ നയിച്ചുകൊണ്ട് അർജ്ജുനൻെറയും ഭീമസേനൻെറയും മുൻപിലണഞ്ഞു. അയാാം ഓജസ്വിയായ ഇന്ദ്രപുത്രനോട് ഇങ്ങനെ ഗർജ്ജിച്ചു.

പദം—38 പാണ്ഡുപോതക! = പാണ്ഡുവിൻെറ കുഞ്ഞേ! രണതാണ്ഡവം=രണനൃത്തം. കുണ്ഡൻ=ഭർത്താവു് ജീവിച്ചിരിക്കെ ജാരസംസർഗ്ഗത്താൽ ജനിക്കുന്ന സന്തതി. (പാണ്ഡുസുതന്മാർ ''കുണ്ഡ''ന്മാരാണല്ലോ) ദണ്ഡപാണി=യമൻ ഗാണ്ഡീവം=ഒരു വില്ലിൻെറ പേരു്. കാണ്ഡം=തടി ക്ഷേണം, അമ്പ്. വിശീർണ്ണൻ=ക്ഷീണിച്ചവൻ. ശൗണ്ഡൻ=സമർത്ഥൻ. വപുഷി ഖർവ്വൻ=കുറിയ ശരീരമുള്ളവൻ. ഹാഹാ, ഹൂഹൂ=ഇവർ രണ്ടു ഗന്ധർവ്വസേനാപതികളാണു്. ആഹവം=യുദ്ധം. ബാഹുജൻ=ക്ഷത്രിയൻ. കണകാം=അമ്പുകാം. അനയൻ=നയമില്ലാത്തവൻ.

ശ്ലോകം—23 അർജ്ജുനൻെറ അമ്പുകളേററ് ചിത്രസേനൻ തുലോം വിവശനായി. അഗ്നിദത്തമായ ബാണവും വില്ലും മററുമാണിവൻെറ പക്കലുള്ളതെന്നറിഞ്ഞ് മനസാ ബഹുമാനിച്ചു. സ്വയം സമാഹിതനായിട്ട് മഹാധൂർത്തനായ ദുര്യോധനനെയും പരിവാരത്തെയും വിട്ടയച്ചു. പാർത്ഥന്മാരുടെ ഔദാര്യവും സ്വകൃത്യവും ഒരുപോലെ യുക്തമെന്നു സമർത്ഥിച്ചുകൊണ്ട് അയാറം സ്വർഗ്ഗത്തിലേയ്ക്കുതന്നെ മടങ്ങി.

ശ്ലോകം—24 സുയോധനൻ കർണ്ണനോട് യുദ്ധത്തിൽ ബന്ധിക്കപ്പെട്ട കഥകളൊക്കെ ആവർത്തിച്ചു പറഞ്ഞു. രഹസ്യമായി സാഹസകൃത്യങ്ങളിൽ തനിക്കു സഹായിയായ അയാളോട് അർജ്ജുനൻെറ പരാക്രമത്തെക്കുറിച്ചും വർണ്ണിച്ചു കേറംപ്പിച്ചു.

പദം—39 നിധനം = അവസാനം. ഊററം = വലിപ്പം, ശക്തി. നികടേ = സമീപത്തു്. തന്മാനിനീ = അദ്ദേഹത്തിൻെറ പത്നി. കൃഷ്ണ=പാഞ്ചാലി. നമ്മവാക്യങ്ങറം=നേരമ്പോക്കായുള്ള വാക്യങ്ങറം (കളിവാക്കുകറം)

വൃത്തഭേദം അർജ്ജുനനാകട്ടെ ലബ്ധകാമനായി യുദ്ധഭൂമിയിൽ നിന്നു് സന്തോഷപൂർവം തിരിച്ചു. കണക്കററവണ്ണം അനുചരന്മാരോടൊപ്പം സുയോധനനെ മുമ്പിൽ നടത്തിക്കൊണ്ടാണു് വന്നതു്. വർഗ്ഗദ്രോഹിയായ സുയോധനനും കൂട്ടരും ജ്യേഷ്ഠസോദരനായ ധമ്മജൻെറ മുമ്പാകെ നമസ്കരിച്ചു. അദ്ദേഹത്തിൻെറ കാലുപിടിച്ചു കേണു. നാഗധ്വജൻെറയും മററും സ്ഥിതിവിശേഷം കണ്ടപ്പോറം ധമ്മരാജനു് വിസ്മയമുണ്ടായി. അദ്ദേഹത്തിനു് അല്പംപോലും ഗർവ്വമുദിച്ചില്ല. ആരോടും വിരോധം തോന്നിയതുമില്ല. ഗാന്ധാര രാജൻ മുതലായി സകലരേയും ബന്ധിതരും ദുഃഖിതരുമായി കണ്ടപ്പോറം അജാതശത്രുവായ അദ്ദേഹം പുഞ്ചിരിയോടുകൂടി അരുളിച്ചെയ്തു.

പദം—40 കഥം=എങ്ങനെ. ആയാതം=പ്രാപിച്ചതു്. കഥയ= പറഞ്ഞാലും. കിമു....ഉദിതം?=എന്തുകാരണമായി ഇങ്ങനെ സംഭവിച്ചു? പരിചിതസമരൻ=യുദ്ധംചെയ്തു ശീലിച്ചവൻ,

പരിഭവം=തോൽവി. ക്ഷതികരം=നാശങ്ങൾ. സഹായർ= കൂട്ടുകാർ. സഹാംഗനാഭിഃ (അംഗനാഭിഃസഹ) സ്ത്രീജനങ്ങളോടൊപ്പം. ഭവതു=ഭവിക്കട്ടെ, തേ=നിനക്കു്. ഭജഹൃദി കേശവം=കേശവനെ (വിഷ്ണുവിനെ) ഹൃദയത്തിൽ ഭജിച്ചാലും (ക്ലേശനാശം+തം—ക്ലേശനാശം വരുത്തുന്ന ആ കേശവനെ എന്നു് അന്വയം) ക്ലേശനാശം ''തം'' കേശവം= ദുഃഖത്തെ നശിപ്പിക്കുന്ന''ആ'' കേശവനെ. ഇതിലെ ''ആ'' സൂചിപ്പിക്കുന്നതു് തിരുവട്ടാർ ആദികേശവപ്പെരുമാളെയാവണം. അവിടത്തെ തന്ത്രികുടിയാണല്ലൊ കവി.

[കുറിപ്പു്—ഈ പദാർത്ഥവിവരണത്തിൽ സംസ്കൃതപദ്യങ്ങളുടെ പരാവർത്തനരൂപത്തിലുള്ള അർത്ഥം മാത്രമാണു് ചേർത്തിരിക്കുന്നതു്. പദാനുപദവ്യാഖ്യാനമല്ലെന്നു് ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.]

KOTTAYAM PUBLIC LIBRARY
KOTTAYAM.
Cl. No. MA5 Acc. No. 43553
This book should be returned on or before the date last stamped below.
20 MAR 1980

MAS · 43553

കേശവൻ ശങ്കരനാരായണൻ.

വേല്ലാച്ചിയാത്ര.

PRICE: RE. 1. KALPAKA LIBRARY.